ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 62
No.: 7
July 2019



www.ernakulamarchdiocese.org


ജൂലൈ ൩-ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ തോമസ് ചക്യത്ത് പിതാവിന്
എറണാകുളം-അങ്കമാലി അതിരൂപതയുടെ
സ്നേഹം നിറഞ്ഞ
തിരുനാൾ മംഗളങ്ങൾ!!!

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
# എറണാകുളം മിസ്സം
BULLETIN

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ഇടയലേഖനം - സഭാദിനം |
| 10. | യുവജനദിനം |
| 15. | Engagements |
| 16. | DECREE - Auxiliary Bishops |
| 19. | കച്ചേരിക്കാര്യം |
| 21. | Transfers/Appointments |
| 22. | നിര്യാതരായി |
| 28. | A.I.C.O. |
| 29. | വാർത്തകളും വിശേഷങ്ങളും |
| 30. | Department of Catechesis |
| 33. | Department of Family Apostolate |
| 36. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 39. | C.L.C. - മരിയോത്സവം 2019 |
| 42. | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി |
| 44. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Jose Pollayil**

Volume : **62**
Issue No. : **7**
Month : **July 2019**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Tharayil Varkey, Kuthiathodu | 1879 | 1905 | 1-7-1934 |
| Fr. Panjikaren Valiya Joseph, Kuthiathode | | | 1-7-1825 |
| Fr. Thaliath Baselios TOCD, Puthenpally | 1853 | 1878 | 3-7-1916 |
| Fr. Payyappilly Paul, Akaparambu | 1935 | 1963 | 4-7-2018 |
| Fr. Kandathil Thomas, Chempu | 1856 | 1880 | 5-7-1912 |
| Fr. Chennekadan Gerard, Angamaly | | | 5-7-1927 |
| Fr. Vithayathil Joseph, Kuthiathodu | 1929 | 1956 | 5-7-1994 |
| Fr. Parakkal Thariath, Kanjoor | 1880 | 1910 | 6-7-1949 |
| Fr. Maniamkottu Emmanual, S. Parur | 1929 | 1958 | 6-7-1994 |
| Fr. Nayappilly Pathrose, Kothavara | 1899 | 1929 | 7-7-1935 |
| Fr. Alumkara Kuruvila, Vaikom | 1885 | 1911 | 8-7-1946 |
| Fr. Maniamkot Isaac, Chethikode | 1913 | 1940 | 9-7-1997 |
| *Msgr. Painumkal Joseph, Chathamma* | *1894* | *1920* | *10-7-1967* |
| Fr. Puthussery Varghese, Mookkannoor | 1952 | 1978 | 10-7-2008 |
| Fr. Manikanamparambil Kuriakose, S. Parur | 1859 | | 13-7-1905 |
| Fr. Payyappilly Paul, Kanjoor | 1939 | 1962 | 13-7-2013 |
| Fr. Pudichery George, Edad | 1927 | 1955 | 14-7-2009 |
| Fr. Vezhaparampil Joseph, Kanjoor | 1857 | 1902 | 15-7-1933 |
| Fr. Mangalath Jacob TOCD, Pallipuram | 1828 | | 16-7-1876 |
| *Msgr. Kandathil Augustine, Nadel* | *1920* | *1947* | *18-7-2001* |
| Fr. Kiriyanthan Sebastian, Narakkal | 1916 | 1947 | 20-7-2005 |
| Fr. Kavalipadan Joseph, Karippassery | 1928 | 1956 | 20-7-2016 |
| Fr. Vezhaparampil Kochouseph, Kanjoor | 1881 | 1909 | 22-7-1941 |
| Fr. Sankoorikal Joseph, Narakkal | 1905 | 1935 | 24-7-1989 |
| Fr. Palakkal Kurian TOCD, Pallipuram | 1826 | 1861 | 24-7-1898 |
| Fr. Parappuram Paul, Vallam | 1883 | 1910 | 25-7-1956 |
| Fr. Mulavarikkal Thomas, Prasannapuram | 1922 | 1952 | 29-7-2000 |
| Fr. Kudiyiruppil Joseph, Mattoor | 1931 | 1959 | 29-7-2015 |
| Fr. Panjikaren Joseph, Muttom | 1888 | 1916 | 30-7-1973 |
| Fr. Cheruvallikatt Xavier, Muttom | 1927 | 1957 | 30-7-2004 |

Prot. No. 0984/ 2019

# ഇടയലേഖനം

## സഭാദിനം - ജൂലൈ 3, 2019

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോമലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാവരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാദിനം ആഘോഷിക്കുമ്പോൾ, കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമാശ്ലീഹ സ്വന്തം രക്തം ചിന്തി മരണം കൈവരിച്ചതുമുതലാണ് നമ്മുടെ സഭ വളർന്നു തുടങ്ങിയത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീകൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിതപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ, നമ്മുടെ പിതാവിനെപ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമുക്കുണ്ട്. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ. 11:16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽനിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കുടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹാ

യുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. "കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും?" (യോഹ. 14:5) എന്ന ചോദ്യവും ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ. 20:25) എന്ന ശാഠ്യവും തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യജീവിതകാലത്തെ സാധാരണ അനുഭവങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാനുഭവത്തിലെത്തിയപ്പോഴാണ് തോമാശ്ലീഹായിലെ പ്രേഷിതൻ രൂപപ്പെടുന്നത്. പലസ്തീനായിൽ നിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമാശ്ലീഹായുടെ പ്രേഷിതയാത്ര ആധുനിക സമൂഹത്തിന്റെ വിശാല വഴികളിലൂടെ തുടരാൻ വിളിക്കപ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും. നമ്മുടെ സഭയും തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഇതരസഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ രക്തസാക്ഷിത്വവും നമ്മുടെ സുവിശേഷപ്രചരണ സംരംഭങ്ങളിൽ കാലാനുസൃതമായി പ്രതിഫലിക്കണം.

സഭാദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ, സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും ഇന്ന് സീറോമലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽ നിന്നുള്ള മെത്രാന്മാരും വൈദികരും സമർപ്പി

തരും മറ്റ് വ്യക്തിസഭകളിൽ ഫലപ്രദമായ അജപാലന-പ്രേഷിത ശുശ്രൂഷകൾ ചെയ്യുന്നതും അഭിമാനാർഹമായ കാര്യമാണ്. മാർതോമാ ശ്ലീഹാ തെളിയിച്ചുതന്ന വിശ്വാസദീപം ലോകമാസകലം പ്രകാശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾക്കും കൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനു വേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിതപ്രവർത്തനവും ആത്മാർത്ഥതയോടെ ഏറ്റെടുക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ചവനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നില നിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാരത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകര ദൗത്യം തങ്ങളോടുതന്നെയും വിശ്വാസസമൂഹത്തോടും പൊതുസമൂഹത്തോടും ഫലപ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാനകാലത്തിൽ സഭയുടെ പ്രേഷിത സ്വഭാവത്തെയും ദൗത്യത്തെയും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്. യുവജനങ്ങൾക്കു വേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനുശേഷം പുറത്തിറക്കിയ 'ക്രിസ്തു ജീവിക്കുന്നു' (*Christus vivit*) എന്ന അപ്പസ്തോലിക പ്രബോധനം മാർപാപ്പയുടെ ലോകത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ അപ്പസ്തോലിക പ്രബോധനത്തിൽ ഏതൊരു ക്രൈസ്തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കുന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷ സത്യങ്ങൾ. ഉപഭോഗ മരണസംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേധാത്മകതയെ വളർത്തി സുവിശേഷമൂല്യങ്ങളിൽ നിന്നും സഭയിൽ നിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചനത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിതപ്രവർത്തനങ്ങളും അടിസ്ഥാനമിടേണ്ടതും

അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ടത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതുമാത്രമാണ്.

ദൈവം നല്കിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മ പരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലുകളിലും സുവിശേഷ ത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നുകൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസ ഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണത്തിലും കൂടുതൽ പ്രകടമാ കേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ചയമില്ലാത്തതിനാൽ, വിളക്കണയാതിരിക്കാൻ എണ്ണ കരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുവാൻ കൂട്ടായ്മയോടെ പ്രവർത്തി ക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നു വെന്നും ദൈവപുത്രനായ ഈശോമിശിഹായാണ് നമ്മുടെ രക്ഷക നെന്നും ഈ രക്ഷകൻ ഇന്നും ജീവിക്കുന്നുവെന്നും ഫലപ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കു വന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം. തെറ്റിദ്ധാരണകളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോയുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണെന്ന സത്യം 'ആനന്ദിച്ച് ആഹ്ളാദിക്കുവിൻ' എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പി ക്കുന്നുണ്ട്. വിശുദ്ധിയെന്നത് നമ്മുടെ ദുർബലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ടലാണ്. നമ്മുടെ പരിമിതി കളിൽനിന്നും കുടുതൽ ഉയരത്തിലേയ്ക്കു നോക്കാൻവേണ്ടി, ദൈവത്താൽ സ്നേഹിക്കപ്പെടാനും, വിമോചിതരാകാനും വിട്ടുകൊടു ക്കുന്നതിൽ നമുക്ക് ഭയപ്പെടാതിരിക്കാം (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 34). എല്ലാ ക്ലേശങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെപിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ്, രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമ മെത്രാന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ, നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ് ലിമിന (*Ad limina*) സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനുവേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഉത്ഥിതനായ ഈശോയെ നാഥനും രക്ഷകനുമായി ഏറ്റു പറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

+ കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

.......................................................

N.B.: 2019 ജൂൺ 30-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നൽകിയത്.

Ref: 3206/K-5/KCBC/OL/DS 25.06.2019

# യുവജനദിനം 2019

**ജൂലൈ 7, ഞായർ**

**കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കെ.സി.ബി.സി. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ 2019 ജൂലൈ 7 -ാം തീയതി നാം യുവജനദിനമായി ആചരിക്കുകയാണ്. ഈ യുവജനദിനത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും കേരളത്തിലെ എല്ലാ കെ.സി.വൈ.എം. പ്രവർത്തകർക്കും ഇതരയുവജനസംഘടനകൾക്കും കേരളത്തിലെ കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പേരിൽ ഹൃദയപൂർവം നേരുന്നു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന അന്തർദേശീയ യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ യുവജനദിനാചരണം. സിനഡിന്റെ വെളിച്ചത്തിലുള്ള പ്രബോധനരേഖ 'ക്രിസ്തു ജീവിക്കുന്നു' എന്ന പേരിൽ 2019 ഏപ്രിൽ 2-ന് ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ചു. "ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു" എന്ന് യുവജനങ്ങളെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പാ, യുവജനം ലോകത്തിന്റെയും സഭയുടെയും ഭാവിയല്ല, ഇന്നാണ് എന്നു എടുത്തുപറയുന്നു.

യുവജനം സഭയുടെ ഇന്നിന്റെ മുഖമാകണം. അവർ സഭയിൽ മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെടണം. എന്നാൽ യുവജനങ്ങൾ അവഗണിക്കപ്പെടുന്ന സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ സാഹചര്യങ്ങളും കുടിയേറ്റത്തിന്റെ കയ്പുനിറഞ്ഞ അനുഭവങ്ങളും ലൈംഗികവും ധാർമികവുമായ ദുരുപയോഗങ്ങളും യുവജനത്തെ തളർത്തുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ആഹ്വാനംചെയ്തുകൊണ്ട് പറയുന്നു, യുവജനങ്ങളേ, ഇന്നും ജീവിക്കുന്ന ക്രിസ്തു നിങ്ങളിലുണ്ട്. നിങ്ങളോടുകൂടെയുണ്ട്. ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയില്ല. നിങ്ങൾ ജീവിതത്തിന്റെ ഏതവസ്ഥയിലായാലും തിരിച്ചുവരാനും പുതുതായി തുടങ്ങാനും ഭയപ്പെടേണ്ടതില്ല. ഉത്ഥിതനായ ക്രിസ്തുവാണ് നിങ്ങളുടെ പ്രത്യാശയും ശക്തിയും. യുവജനത്തെ

അവജ്ഞയോടെ കാണുന്നതും അവരുടെമേൽ ആധിപത്യം പുലർത്തുന്നതും അവരുടെ സ്വപ്നങ്ങളെ കാണാതിരിക്കുന്നതും കഴിവുകളെ പ്രയോജനപ്പെടുത്താതിരിക്കുന്നതും പ്രത്യാശയെ അപഹരിക്കുന്നതുമായ ശൈലികൾ തിരുത്തപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

സഭയ്ക്കും ലോകത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യം കൊടുക്കുന്ന വ്യക്തികളായി വളരാൻ യുവജനങ്ങളെ സഹായിക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. ഈ ദൗത്യം കേരളസഭയിൽ നാം പ്രാവർത്തികമാക്കുന്നത് കെ.സി.വൈ.എമിന്റെയും, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ മറ്റു കത്തോലിക്കാ യുവജന സംഘടനകളുടെയും കർമ്മ പരിപാടികളിലൂടെയാണ്. യുവജനങ്ങളുടെ രൂപീകരണത്തിനായി അനേകം കർമ്മ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അവ പ്രധാനമായും മൂന്ന് ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.

ഒന്നാമതായി, യുവജനങ്ങളെ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരായിത്തീരാൻ സഹായിക്കുകയെന്നതാണ്. യുവത്വത്തിന്റെ നിറവിൽ രക്ഷയുടെ സന്ദേശം പങ്കുവച്ചുതന്ന യേശുവിന്റെ മാതൃകയിൽ കരുത്താർജ്ജിക്കുന്നതിനുവേണ്ടിയുള്ള ആത്മീയ രൂപീകരണമാണത്. “ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന” (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി യുവതീയുവാക്കൾ ജീവിക്കണം.

രണ്ടാമത്തെ ലക്ഷ്യം, യുവജനങ്ങളെ നല്ല മിഷനറിമാരായി വളരാൻ സഹായിക്കുകയെന്നതാണ്. കർത്താവ് നമ്മെ ഏല്പിച്ച വലിയ ഉത്തരവാദിത്വമാണ് ദൈവരാജ്യത്തിന്റെ സന്ദേശം അഥവാ, രക്ഷയുടെ മാർഗം എല്ലാവരെയും അറിയിക്കുക എന്നത്. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ 16,15) എന്നാണ് അവിടന്ന് അവസാനമായി നമ്മോട് കല്പിച്ചത്. യേശുവിന്റെ രക്ഷയുടെ സന്ദേശം, സ്നേഹമായും കരുണയായും കരുതലായും സമാധാനമായും സമൂഹത്തിൽ പ്രഘോഷിക്കുവാൻ ക്രൈസ്തവയുവജനങ്ങൾ മുന്നിട്ടിറങ്ങുന്നതിന്റെ നേർക്കാഴ്ചകൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണാം. സുവിശേഷത്തിന്റെ സന്തോ

ഷവും സമാധാനവും എല്ലാവരിലും പ്രത്യക്ഷമായും പരോക്ഷമായും എത്തിക്കുവാൻ ഉത്സാഹത്തോടെ, ഉണർന്നു പ്രവർത്തിക്കുന്ന യുവജനം സഭയുടെ അമൂല്യസമ്പത്താണ്. കഴിഞ്ഞ നാലുപതിറ്റാണ്ടുകാലം കെ.സി.വൈ.എം "സഭയുടെ നല്ല സാക്ഷ്യമുഖമായി" പ്രവർത്തിച്ച് സഭയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ന് കേരള കത്തോലിക്കാ സഭയിലെ മഹത്തായ യുവജന പ്രസ്ഥാനമായി അതു നിലകൊള്ളുന്നു.

യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സമൂഹനിർമ്മിതിയിൽ പങ്കാളികളാക്കുകയും യേശുവിന്റെ മാതൃകയിലും ശൈലിയിലും തിന്മയ്ക്കെതിരേ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുക എന്നതാണ് യുവജനകമ്മീഷന്റെ മൂന്നാമത്തെ ലക്ഷ്യം. കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെക്കാളും ഇന്ന് വർദ്ധിച്ചിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വളർച്ചയും ഇലക്ട്രോണിക് മീഡിയായും സമൂഹത്തിന്റെ ചിന്താഗതിയിലും പ്രവർത്തനത്തിലും വലിയ മാറ്റം വരുത്തിയിരിക്കുന്നു. യേശു പ്രഖ്യാപിച്ച ജീവന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സംസ്കാരം കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇതിനെ പ്രതിരോധിക്കുവാൻ യുവജനവിഭവശേഷി ശരിയായി നാം പ്രയോജനപ്പെടുത്തണം.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് യുവജനങ്ങൾ സമൂഹനിർമ്മിതിയിൽ പങ്കുചേരുന്നു.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും ഭീകരപ്രവർത്തനത്തിനുമെതിരേ, യുവജനങ്ങൾ ഏറ്റെടുത്ത 'യുവജനങ്ങൾ സമാധാ

നത്തിന്' (Youth for Peace Campaign) എന്ന യജ്ഞം അഞ്ച് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്.

1. സമാധാനസന്ദേശ യാത്ര (കാസർകോട് മുതൽ കന്യാകുമാരി വരെ സമാധാനസന്ദേശയാത്ര - K2K)
2. സമാധാനദീപം തെളിക്കൽ (Lighting Peace Lamp)
3. സമാധാനപദയാത്ര (Peace Walk, July 7, 2019)
4. അന്തർദേശീയ സമാധാനസമ്മേളനം (International Peace Conference)
5. രൂപതാതല സമാധാനസമ്മേളനങ്ങൾ (Peace Conference in 32 Dioceses)

ഇതിൽ ഏതാനും പരിപാടികൾ നടത്തപ്പെട്ടു കഴിഞ്ഞു. കാസർഗോട് മുതൽ കന്യാകുമാരി വരെ കേരളത്തിലെ 32 രൂപതകളിലും തമിഴ്നാട്ടിലെ നാല് രൂപതകളിലുമായി കെ.സി.വൈ.എം.-ന്റെ നേതൃത്വത്തിലുള്ള സമാധാന സന്ദേശ യാത്ര (K2K) കടന്നുപോയപ്പോൾ, സമൂഹത്തിൽ ശാന്തിയുടെയും സൗഹൃദത്തിന്റെയും വലിയ സന്ദേശമാണ് പരന്നത്. ഈ സന്ദേശയാത്രയ്ക്ക് അഭിവന്ദ്യപിതാക്കന്മാരും വൈദികരും സന്ന്യസ്തരും വിശ്വാസികളും പൊതുസമൂഹവും നല്കിയ ആവേശോജ്ജ്വലമായ സ്വീകരണങ്ങൾ യുവജനങ്ങൾക്ക് വലിയ പ്രത്യാശയും ആവേശവും പകർന്നു. അഭിവന്ദ്യപിതാക്കന്മാരോടും ഈ സന്ദേശയാത്രയെ വരവേറ്റ് അനുഗമിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. യാത്രയിൽ പങ്കെടുത്ത എല്ലാ കെ.സി.വൈ.എം. പ്രവർത്തകരെയും അനുമോദിക്കുന്നു.

ഈ വർഷം യുവജനങ്ങൾ ഏറ്റെടുക്കുന്ന മറ്റ് പരിപാടികൾ ഇവയാണ്: 1) ഉന്നതവിദ്യാഭ്യാസവും തൊഴിലിനുവേണ്ടിയുള്ള പരിശീലനവും (Higher Education and Placement Cell); 2) ഹരിതകേരളം പദ്ധതിയോട് ചേർത്ത് നടപ്പാക്കുന്ന പരിപാടികൾ (Green Protocol in 10 Cathedral Campuses); 3) മീഡിയയുടെയും സാങ്കേതിക വിദ്യയുടെയും സുവിശേഷവത്കരണം (Evangelizing Media, Technology and Cell Phone Campaign); 4) ബൈബിൾ, പാരമ്പര്യം, സഭാ പ്രബോധനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികളും പഠനക്ലാസ്സുകളും.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും തിന്മയ്ക്കും എതിരേ

ഫലപ്രദമായി പ്രവർത്തിക്കുവാൻ യുവജനങ്ങളോട് ചേർന്ന് നില്ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായസഹകരണങ്ങൾ നൽകുവാനുമുള്ള ആഹ്വാനമാണ് യുവജനദിനം നമുക്ക് നല്കുന്നത്. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എമും മറ്റു യുവജനസംഘടനകളും കേരളസഭയ്ക്കു നല്കുന്ന എല്ലാ ശുശ്രൂഷകളെയും ഓർത്ത് യുവജനങ്ങൾക്ക് നന്ദി പറയുന്നു.

എല്ലാ യുവജനങ്ങൾക്കും ഈ ദിനത്തിന്റെ ആശംസകൾ! ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജന കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

............................................

N.B.: ഈ സർക്കുലർ 2019 ജൂലൈ 7-ാം തീയതി എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# ENGAGEMENTS



## Mar George Cardinal Alencherry
**Archbishop**

## JULY 2019

| | | |
|---|---|---|
| 1 | Bharananganam | Golden Jubilee of D.S.T. |
| 3 | Basilica, Ekm. | Holy Mass |
| 9 | Mount St. Thomas | SMCA Meeting |
| 22 - 31 | America | |

## AUGUST 2019

| | | |
|---|---|---|
| 1 - 4 | America | |
| 5 - 9 | Mount St. Thomas | K.C.B.C. - Retreat |
| 19 - 30 | Mount St. Thomas | Syro-Malabar Bishops' Synod |

* * * * *

## സ്വതന്ത്ര ഇടവകയായി ഉയർത്തി

പറവൂർ (കോട്ടയ്ക്കാവ്) ഫൊറോനാ പള്ളിയുടെ കുരിശുപള്ളിയായിരുന്ന **പട്ടണം ഔവർ ലേഡി ഓഫ് ഡൊളേഴ്സ്** പള്ളിയെ **BO/PTNM/3**-നമ്പർ കല്പനയിലൂടെ **2019 ജൂൺ 2-ാം** തീയതി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ജേക്കബ് മനത്തോടത്ത് പിതാവ് സ്വതന്ത്ര ഇടവകയായി ഉയർത്തി. പ്രസ്തുത ദിവസം ആ പള്ളിയിൽ നടന്ന തിരുക്കർമ്മങ്ങൾക്കും വി. കുർബാനയ്ക്കും മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

ചാൻസലർ

APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG, CHANAKYAPURI
NEW DELHI - 110 021

PERSONAL

24 June 2019

N. 2847/19

Your Beatitude,

I hasten to inform Your Beatitude that the Holy Father Francis has adopted the following decisions:

1. The Pastoral Ministry of His Lordship Bishop Jacob Manathodath as Apostolic Administrator *sede plena et ad nutum Sanctae Sedis* of the Archeparchy of Ernakulam-Angamaly is to be concluded;

2. His Lordship Bishop Sebastian Adayanthrath and His Lordship Bishop Jose Puthenveetil are to be suspended from their Offices as Auxiliary Bishops of the Archeparchy of Ernakulam-Angamaly. The Holy Father Francis has decided that the Holy Synod of the Syro-Malabar Church will decide a new Pastoral Ministry for the two mentioned Auxiliary Bishops.

3. Your Beatitude is asked to deliver the monthly budget and submit the more relevant administrative documents concerning the temporal goods of the Archeparchy to the Permanent Synod, always complying the civil laws.

The Pontifical Decisions stated in the number 1 and 2 will be divulgated in Vatican on Thursday 27 June 2019, at noon, corresponding to 15:30 Indian Standard Time, <u>and cannot be divulgated before that.</u>

With my respectful regards and assurance of my prayers for your Person and the People of God entrusted to your Pastoral Ministry, I remain

Devotedly yours in the Lord

+ Giambattista Diquattro
Apostolic Nuncio

---

His Beatitude
George Cardinal ALENCHERRY
Major Archbishop of the Syro-Malabar Church
Mount St. Thomas, Kochi
ERNAKULAM

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

June 26, 2019

Prot. N. 157/2018

Your Beatitude,

His Holiness Pope Francis has decided to conclude Apostolic Administration *sede plena* of the Archeparchy of Ernakulam-Angamaly, which the Holy Father had entrusted to His Excellency Bishop Jacob Manathodath, Bishop of Palghat, just over one year ago. These decisions of the Roman Pontiff were taken after this Congregation had studied the report presented by the Apostolic Administrator and submitted some proposals, in preparation for the August session of the Synod of Bishops of the Syro-Malabar Church, for the approval of the Holy Father.

The powers of office granted to the Auxiliary Bishops of the Archeparchy of Ernakulam-Angamaly, whether by common law or particular law and including those delegated by the Apostolic Administrator, are suspended. The Auxiliary Bishops shall choose their residences in consultation with Your Beatitude, awaiting the discernment of the Synod of Bishops regarding their future role. In the meantime, they may exercise pastoral ministries and undertake other engagements at the direction of the Major Archbishop.

During the period leading up to the Synod, Your Beatitude is to share the monthly financial plan and reports with the Permanent Synod, whose members are to assist temporarily in the administration of the Archeparchy of Ernakulam-Angamaly, in derogation of the normal canonical procedures but respecting all the civil laws in force, using also the legal mechanisms for restitution or recovery of the financial losses suffered.

Regarding the offices of the Archeparchial Curia, Your Beatitude has full discretion to confirm the holders of these offices or replace them, having consulted the Permanent Synod, but it seems more opportune to wait until after the Synod to definitively reconstitute the Archeparchial Curia.

./.

-----------------------------------------------------

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
for Syro-Malabar faithful
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110
KAKKANAD, KOCHI - 682 030, India

CONGREGATIO
PRO ECCLESIIS ORIENTALIBUS

2.

The August session of the Synod of Bishops of the Syro-Malabar Church will be called upon to decide on the long term solution that best facilitates the stable administration of the Major Archiepiscopal See, including economic and financial management. Thereafter the Major Archbishop may seek the counsel of the consultative eparchial bodies as per the norms of canon law. The recommendations contained in the report of the Special Commission appointed by the Apostolic Administrator will be of significant assistance to the Bishops in this regard, but what especially preoccupies the Apostolic See is the grave situation of ecclesial division. The most important task at hand is therefore rebuilding the communion of the local Church, in fidelity to ecclesial doctrine and discipline.

Taking this opportunity to communicate my sincere gratitude for the precious collaboration given by Your Beatitude to the Apostolic Administrator and the Special Commission during this year, I renewing the expression of my cordial regards and prayerful best wishes

Sincerely yours in Christ,

✠ Leonardo Card. Sandri
Prefect

✠ Cyril Vasil', S.I.
Archbishop Secretary

# കച്ചേരിക്കാര്യം

## നന്ദിയുടെ നറുമലരുകൾ



എറണാകുളം-അങ്കമാലി അതിരൂപതാ **അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ** എന്ന നിലയിൽ ഒരു വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച **അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത്** പിതാവിന് അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി!!!

## വിയാനി ഡേ

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ **വിശുദ്ധ ജോൺ മരിയ വിയാനി**യുടെ തിരുനാൾ ആഗസ്റ്റ് 1-ാം തീയതി **വ്യാഴാഴ്ച 10.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ** ആഘോഷിക്കുന്നു. അന്നേ ദിവസം ജൂബിലേറിയൻസിനെ പ്രത്യേകം ആദരിക്കുന്നതാണ്.

നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും പ്രത്യേകിച്ച്, ഈ വർഷം സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരേയും ഈ ആഘോഷത്തിലേക്കു ഹാർദ്ദമായി ക്ഷണിക്കുന്നു. വിശുദ്ധ കുർബാനയിലും, മീറ്റിംഗിലും പങ്കുചേർന്ന് ജൂബിലേറിയൻസിനോടൊപ്പം ദൈവത്തിന് നന്ദിപറയുന്നതിനും അവരെ ആദരിക്കുന്നതിനും ബഹു. അച്ചന്മാർ കൃത്യ സമയത്തു തന്നെ എത്തിച്ചേരുമല്ലോ.

**ഫാ. ജോസ് പുതിയേടത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**



## അനുമോദനങ്ങൾ

എറണാകുളം-അങ്കമാലി അതിരൂപതാ **പ്രോട്ടോസിഞ്ചെല്ലൂസ്** ആയി നിയമിതനായിരിക്കുന്ന **റവ. ഡോ. ജോസ് പുതിയേടത്ത്** അച്ചന് അതിരൂപതയുടെ അനുമോദനങ്ങൾ!!!

## നന്ദി... ആശംസകൾ



എറണാകുളം-അങ്കമാലി അതിരൂപതാ **പ്രൊ-പ്രോട്ടോ സിഞ്ചെല്ലൂസ്** ആയി ഒരു വർഷക്കാലം സേവനമനുഷ്ഠിച്ച് ആലുവ സെന്റ് ഡൊമിനിക് പള്ളി വികാരിയായി സ്ഥലം മാറിപോകുന്ന **റവ. ഡോ. വർഗീസ് പൊട്ടയ്ക്കൽ** അച്ചന് അതിരൂപതയുടെ നന്ദിയും പ്രാർത്ഥനാശംസകളും!!!

---

## ബ. വൈദികരുടെ വാർഷിക ധ്യാനം

**നിവേദിത, ചുണങ്ങംവേലി**

ബാച്ച് 4 : ജൂലൈ 07 – 12 റവ. ഫാ. ജേക്കബ് പറപ്പള്ളി M.S.F.S.

# Transfers/Appointments

## June 2019

### Rev. Fathers

| | |
|---|---|
| Attummel Michael | Karippassery |
| Chenkallil Soyin Joseph CMF | Konthuruthy Asst. |
| Edasserypowath Joseph C.Ss.R | Elavoor Kunnel Asst. |
| Kannampuzha Peter OFM Conv. | Santhigiri |
| Kannukettiyil James | Ezhupunna Asst. |
| Kozhuvallil Varkey (Sanju) | Kolencherry |
| Mangalath Mathew | Peechanikkad |
| Mulavarickal Joseph (Nelbin) | Metropolitan Tribunal - Defender of Bond (Addl.) |
| Mynattiparambil Varghese (Rijo) | Pattanam & Neendoor |
| Pathickel Joseph (Saneesh) CMI | Kunnel (Alengad) Asst. |
| Payyappilly Thomas | Resident Priest - Manjapra |
| Pereppadan Kuriakose SVD | Mampra Asst. |
| Poovannikunnel Jose CSsR | Mattoor Town |
| Pottackal Varghese | Aluva (July 1) |
| Puthiyedath Jose | Protosyncellus |
| Cheerakathil John (Rijo) | Relieved - Peechanikkad (Resi. Renewal Centre) |
| Madavana Martin IC | Relieved - Kanjoor Asst. |
| Moonjely George | Relieved - L.F. Hospital, Ang. (Resi. Priests' Home, Edakkunnu) |
| Paramban Mathew CST | Relieved - Karippassery |
| Thachukunnel Joseph CMF | Relieved - Pattanam & Neendoor |
| Veliyath Antony MSC | Relieved - Elavoor Kunnel Asst. |

**Chancellor**



# നിര്യാതരായി



## ഫാ. ജോസ് ചിറമേൽ

**ജനനം: 24/04/1952**
**തിരുപ്പട്ടം: 19/12/1980**
**മരണം: 18/06/2019**

ബഹുമാനപ്പെട്ട ചിറമേൽ ജോസച്ചൻ 1952 ഏപ്രിൽ 24-ാം തീയതി മഞ്ഞപ്ര ഇടവകയിലെ ചിറമേൽ ഫ്രാൻസീസ്-അന്ന ദമ്പതികളുടെ ഒമ്പതു മക്കളിൽ രണ്ടാമത്തെ മകനായി ജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസ ജീവിതത്തിൽ വളർന്ന അച്ചൻ, സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന്, ആലുവ സെമിനാരിയിലും വടവാതൂർ സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി, 1980 ഡിസംബർ 19-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ എറണാകുളം ബസിലിക്കയിൽ സഹവികാരിയായും തുടർന്ന്, നെട്ടൂർ പ്രൊവികാരിയായും, പുതിയകാവ്, എളമക്കര, കാക്കനാട്, പെരുമാനൂർ, എറണാകുളം ബസിലിക്ക, തായിക്കാട്ടുകര എന്നീ ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. കൂടാതെ, വിയാനി പ്രിന്റിംഗ്സിന്റെ അസിസ്റ്റന്റ് മാനേജരായും, സത്യദീപത്തിന്റെ എഡിറ്ററായും അതിരൂപതയുടെ ഔദ്യോഗിക വക്താവായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട്, ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്ന് സഭാനിയമത്തിൽ ഉപരിപഠനവും, ഡോക്ടറേറ്റും വിവിധ ഡിപ്ലോമകളും പൂർത്തിയാക്കിയ ജോസച്ചൻ, താൻ സ്വായത്തമാക്കിയ സഭാ നിയമത്തെ സംബന്ധിച്ച ആഴമായ അറിവ് തന്റെ ലേഖനങ്ങളിലൂടെയും, ഗ്രന്ഥങ്ങളിലൂടെയും സാധാരണക്കാർക്കും നിയമ വിദഗ്ധർക്കും തന്മയത്വത്തോടെ പകർന്നു നല്കുവാൻ തനിക്കുലഭിച്ച അവസരങ്ങളെ നല്ലരീതിയിൽ പ്രയോജനപ്പെടുത്തി. തന്മൂലം അദ്ദേഹത്തെ അതിരൂപതാ മെത്രാപ്പോലീറ്റൻ ട്രിബ്യൂണലിന്റെ ജഡ്ജായും, പിന്നീട് അഡ്ജുറ്റന്റ് ജുഡീഷ്യൽ വികാരിയായും നിയമിക്കുകയുണ്ടായി. 2014 മുതൽ സീറോമലബാർ

സഭയുടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ ഓർഡിനറി ട്രിബ്യൂണലിന്റെ പ്രസിഡന്റായും 2016 മുതൽ സീറോമലബാർ സഭയുടെ പോസ്റ്റുലേറ്റർ ജനറലായും, ഓറിയന്റൽ കാനൻ ലോ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ പ്രസിഡന്റായും ബഹു. ചിറമേലച്ചൻ സേവനം ചെയ്തു വരികയായിരുന്നു. കഴിഞ്ഞ ഒരു വർഷത്തോളമായി ക്യാൻസർ രോഗബാധിതനായി ചികിത്സയിലായിരുന്ന ജോസ് ചിറമേൽ അച്ചൻ, നീണ്ട 39 വർഷത്തെ ധന്യമായ പൗരോഹിത്യ ജീവിതത്തിനുശേഷം, എറണാകുളം ലിസി ആശുപത്രിയിൽ വച്ച്, 67-ാം വയസ്സിൽ, 2019 ജൂൺ 18-ാം തീയതി, ചൊവ്വാഴ്ച, വെളുപ്പിന് 1.20-ന് ഈ ലോകത്തോട് വിടപറഞ്ഞ്, സ്വർഗ്ഗീയ പിതാവിന്റ വസതിയിലേക്ക്, യാത്രയായി.

എറണാകുളം ലിസി ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന അച്ചന്റെ മൃതദേഹം 18-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.45-ന് ചിറമേൽ അച്ചൻ അവസാനമായ് സേവനം ചെയ്തിരുന്ന കാക്കനാട് മൗണ്ട് സെന്റ് തോമസിലേക്കു കൊണ്ടുപോയി. സീറോമലബാർ സഭ മേജർആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും, കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലേക്കാട്ട് പിതാവും ബ. ജോസ് ചിറമേൽ അച്ചന്റെ സ്തുത്യർഹമായ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് അവിടെ അനുസ്മരണ പ്രഭാഷണം നടത്തി. അഭിവന്ദ്യ ആലഞ്ചേരി പിതാവ് മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവും മൗണ്ട് സെന്റ് തോമസിൽ സേവനം ചെയ്യുന്ന വൈദികരും, സിസ്റ്റേഴ്സും അയൽ ഇടവകകളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നുമുള്ള വൈദികരും, സിസ്റ്റേഴ്സും, അല്മായ സഹോദരരും ചിറമേൽ അച്ചന് അന്തിമോപചാരം അർപ്പിക്കാൻ അവിടെ എത്തിയിരുന്നു.

മൗണ്ട് സെന്റ് തോമസിൽനിന്നും 4.45-ന് ബ. ചിറമേൽ അച്ചന്റെ മൃതദേഹം മഞ്ഞപ്രയിലുള്ള അച്ചന്റെ വീട്ടിലേക്കു കൊണ്ടുപോയി. നിരവധിപേർ അവിടെയും അച്ചന് അന്തിമ യാത്രാമംഗളങ്ങൾ നേരാൻ എത്തിയിരുന്നു. 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് ബ. ചിറമേൽ അച്ചന്റെ മൃതദേഹം അച്ചന്റെ മാതൃഇടവകയായ മഞ്ഞപ്ര ഹോളി ക്രോസ് ഫൊറോനാ പള്ളിയിൽ എത്തിച്ചു. ജോസച്ചന്റെ മൃതദേഹസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആരംഭിച്ചു. മാർ ജേക്കബ് മനത്തോടത്ത് പിതാവായിരുന്നു വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. മാർ സെബാസ്റ്റ്യൻ എട

യന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ സെബാസ്റ്റ്യൻ വാണിയ പുരക്കൽ, മാർ തോമസ് ചക്യത്ത്, മാർ മാത്യു വാണിയകിഴക്കേൽ എന്നീ പിതാക്കന്മാരും, ജോസ് ചിറമേൽ അച്ചന്റെ സഹപാഠിയായ ബ. ജോസ് ഇടശ്ശേരിയച്ചൻ, ബഹു. ജോസ് മാടനച്ചൻ, കുടുംബാംഗമായ ബഹു. സൈമൺ ചിറമേൽ അച്ചൻ എന്നീ വൈദികരും മാർ ജേക്കബ് മനത്തോടത്ത് പിതാവിനോടൊപ്പം മദ്ബഹയിലും മറ്റനേകം വൈദി കരും സഹകാർമ്മികരായിരുന്നു.

അതിരൂപതാ സഹായമെത്രാൻ ബ. ജോസ് പുത്തൻവീട്ടിൽ പിതാവ് ആമുഖ സന്ദേശം നൽകി. അതിരൂപതയ്ക്ക് ഏറ്റവും പ്രിയപ്പെട്ട, സീറോ മലബാർ സഭയുടെ അഭിമാനമായിരുന്ന ബ. ചിറമേൽ അച്ചന്റെ ദേഹ വിയോഗം സീറോമലബാർ സഭയ്ക്ക് ഒരു തീരാനഷ്ടമാണെന്ന് പറ ഞ്ഞുകൊണ്ടാണ് പിതാവ് തന്റെ സന്ദേശം ആരംഭിച്ചത്. അച്ചനെ ഏല്പിച്ച ഉത്തരവാദിത്വങ്ങളെല്ലാം വിശ്വസ്തതയോടുകൂടി അച്ചൻ നിർവ്വഹിച്ചു. രോഗാവസ്ഥയിലൂടെ കടന്നുപോകുമ്പോഴും ശാന്തവും സൗമ്യവുമായ അച്ചന്റെ പെരുമാറ്റശൈലി അച്ചന്റെ ആദ്ധ്യാത്മികത യുടെ തെളിവാണെന്ന് പിതാവ് അനുസ്മരിക്കുകയുണ്ടായി.

ബ. ജോസ് ചിറമേൽ അച്ചന്റെ ബന്ധുവായ ബ. സൈമൺ ചിറമേൽ അച്ചനാണ് ജോസ് ചിറമേൽ അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചത്. ചിറമേൽ അച്ചന്റെ സഹപാഠിയായ ബ. ജോസ് ഇടശ്ശേരി അച്ചനാണ് വിശുദ്ധ കുർബന മദ്ധ്യേയുള്ള തിരുവചന സന്ദേശം നൽകിയത്. ശാന്ത ഗംഭീരമായ് ഒഴുകിയ ഒരു നദി പെട്ടെന്ന് കടലിലേക്ക് ലയിക്കുന്ന ഒരു അനുഭവമാണ് ബ. ജോസ് ചിറമേൽ അച്ചന്റെ അകാലനിര്യാണം. അച്ചന്റെ വ്യക്തി വൈശിഷ്ട്യവും ആത്മീയധീരതയും വളരെ ഉയർന്ന തായിരുന്നു. തന്റെ ഔദ്യോഗികജീവിതത്തിന്റെ തിരക്കിനിടയിലും സഹ പാഠികളുമായി ഒരുമിച്ച് ചേരുന്നതിനും, ചിരിക്കുവാനും, തമാശപറ യുവാനും ചിറമേൽ അച്ചൻ സമയം കണ്ടെത്തിയിരുന്നു. ഈ സൗഹൃ ദകൂട്ടായ്മ എന്നും നിലനിർത്തിക്കൊണ്ട് പോകുവാൻ അച്ചന് വളരെ താല്പര്യമായിരുന്നു. മൈനർ സെമിനാരിയിൽ പഠിക്കുമ്പോൾ ഒരു സാധാരണവിദ്യാർത്ഥിയായിരുന്നു ബ്രദർ ജോസ് ചിറമേൽ. അച്ചന്റെ പിതൃസഹോദരനായ ജോർജ് ചിറമേൽ അച്ചന്റെ കൂടെ താമസിച്ചു കൊണ്ടാണ് ബ. ചിറമേൽ അച്ചൻ തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ആയതിനാൽ, സെമിനാരിയിൽ പ്രവേശിപ്പിക്കു ന്നതിന് മുൻപ്തന്നെ ചിറമേൽ അച്ചന് വൈദികപരിശീലനം ലഭിച്ചി

രുന്നു. തത്വശാസ്ത്രപഠനത്തിനായ് ആലുവ സെമിനാരിയിൽ ആയിരുന്നപ്പോൾ തന്റെ സ്വപ്രയത്നവും, കഠിനാദ്ധ്വാനവും വഴി അക്കാദമി സെക്രട്ടറി എന്ന നിലയിലും, ഇംഗ്ലീഷ് നാടകത്തിലെ നടൻ എന്ന നിലയിലും പ്രശോഭിക്കുവാൻ അച്ചന് സാധിച്ചിരുന്നു. ബി.എ.-യ്ക്ക് ഒന്നാം റാങ്കോടുകൂടിയാണ് അച്ചൻ പാസ്സായത്. തുടർന്ന്, കോട്ടയം സെമിനാരിയിലും, റോമിലെ ഉപരിപഠനത്തിലുമൊക്കെ ഉന്നതമായ വിജയം അച്ചൻ കൈവരിച്ചു. പാറേക്കാട്ടിൽ പിതാവിന്റെ നിർദ്ദേശപ്രകാരം ചിറമേൽ അച്ചൻ എഴുതിയ പ്രസംഗകുറിപ്പുകൾ 'വചനധാര'യുടെ തുടക്കം ആയിരുന്നു. നമ്മൾ നമ്മെത്തന്നെ ദൈവത്തിന് വിട്ടുകൊടുക്കുമ്പോൾ ദൈവം നമ്മിൽ വലിയ അത്ഭുതങ്ങൾ ചെയ്യും എന്നതിന്റെ തെളിവാണ് ബ. ജോസച്ചന്റെ ജീവിതം.

ഒരു കാനൻനിയമ അദ്ധ്യാപകൻ എന്ന നിലയിൽ വളരെ ഭംഗിയായി അച്ചൻ ക്ലാസ്സുകൾ നടത്തുമായിരുന്നു. ലളിതമായ്, ആർക്കും മനസ്സിലാകുന്ന രീതിയിൽ ക്ലാസ്സുകൾ നയിക്കുവാൻ അച്ചന് അസാമാന്യ പാടവം ഉണ്ടായിരുന്നു. അച്ചന്റെ വ്യക്തിബന്ധങ്ങളിലെ നിഷ്ഠ എടുത്തുപറയേണ്ടതാണ്. രോഗിയായിരുന്ന ജോസച്ചനെ കുടുംബാംഗങ്ങൾ വളരെ ശ്രദ്ധയോടെ, താല്പര്യത്തോടെ ശുശ്രൂഷിച്ചു എന്ന കാര്യം ബ. ജോസ് ഇടശ്ശേരി അച്ചൻ പ്രത്യേകം പറയുകയുണ്ടായി. കാനൻ നിയമങ്ങൾ മനുഷ്യത്വത്തോടുകൂടി ഉപയോഗിച്ച ഒരു വൈദികനായിരുന്ന ചിറമേൽ അച്ചൻ, തന്റെ അറിവ് മറ്റുള്ളവരുമായ് പങ്കുവയ്ക്കാൻ വളരെ തല്പരനായിരുന്നു. അഞ്ച് താലന്ത് കിട്ടിയവൻ നൂറ് മടങ്ങായി വർദ്ധിപ്പിച്ച ഒരു വ്യക്തിയായിരുന്ന ചിറമേലച്ചന്റെ കഠിനാദ്ധ്വാനവും, വ്യക്തിത്വത്തിന്റെ വൈശിഷ്ട്യവും നമ്മുടെ ജീവിതങ്ങൾക്കും പ്രചോദനമാകട്ടെ എന്നു പറഞ്ഞുകൊണ്ടാണ് ഇടശ്ശേരി അച്ചൻ വചനസന്ദേശം അവസാനിപ്പിച്ചത്.

ചിറമേൽ അച്ചന്റെ മൃതദേഹസംസ്കാര ശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് കാർമ്മികത്വം വഹിച്ചത്. സീറോമലബാർ സഭാ ഓർഡിനറി ട്രൈബ്യൂണൽ പ്രസിഡന്റ്, പോസ്റ്റുലേറ്റർ ജനറൽ എന്നീ നിലകളിൽ സഭയിലെ ഉന്നതമായ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന വ്യക്തിയായിരുന്നു ബ. ചിറമേലച്ചൻ. കാനൻ നിയമത്തിൽ വൈദഗ്ദ്ധ്യം ഉണ്ടായിരുന്ന അച്ചൻ ഇവ കുടുംബബന്ധങ്ങളിലെ പ്രശ്നങ്ങൾക്ക് രമ്യമായ പരിഹാരം

കണ്ടെത്തി കുടുംബബന്ധങ്ങൾ കൂട്ടിയിണക്കുന്നതിന് ഉപയോഗിച്ചു. പോസ്റ്റുലേറ്റർ ജനറൽ എന്ന നിലയിൽ സഭയിൽ നാമകരണ നടപടികളുമായ് ബന്ധപ്പെട്ട കാര്യങ്ങൾ വളരെ തീഷ്ണതയോടും ആത്മാർത്ഥതയോടും, ഉത്സാഹത്തോടും കൂടിയാണ് ചിറമേൽ അച്ചൻ നിർവ്വഹിച്ചിരുന്നത് എന്ന് ആലഞ്ചേരി പിതാവ് അനുസ്മരിക്കുകയുണ്ടായി.

ബ. ജോസ് ചിറമേൽ അച്ചന്റെ കാനൻനിയമ പാണ്ഡിത്യം സീറോമലബാർ സഭയ്ക്കും എറണാകുളം-അങ്കമാലി അതിരൂപതയ്ക്കും ഏറെ ഉപകാരപ്പെട്ടിട്ടുണ്ട്. സീറോമലബാർ സഭയുടെ ഓർഡനറി ട്രൈബ്യൂണൽ പ്രസിഡന്റ് പോസ്റ്റുലേറ്റർ ജനറൽ, അതിരൂപതാ കോടതിയിലെ അഡ്ജ്യുറ്റന്റ് ജുഡീഷ്യൽ വികാരി, ജഡ്ജ് എന്നീ നിലകളിലുള്ള സ്തുത്യർഹമായ സേവനം, ക്ലാസ്സുകളിലൂടെയും ലേഖനങ്ങളിലൂടെയും നിയമസംശയങ്ങൾക്ക് മറുപടി നൽകാനുള്ള ശ്രദ്ധേയമായ കഴിവ്, അതിരൂപതാ നിയമസംഹിത തയ്യാറാക്കുന്നതിൽ നൽകിയിട്ടുള്ള നിസ്തുലമായ സംഭാവന, എല്ലാം അതിരൂപത നന്ദിയോടെ സ്മരിക്കുന്നു.

39 വർഷത്തെ പൗരോഹിത്യ ജീവിതം വിശ്വസ്തതാപൂർവ്വം ഓടിപൂർത്തിയാക്കിയ ജോസ് അച്ചനെ നീതിയുള്ള ന്യായാധിപനായ ദൈവം മഹത്ത്വത്തിന്റെ കിരീടം അണിയിക്കുവാൻ തന്റെ സന്നിധിയിലേയ്ക്ക് വിളിച്ചിരിക്കുന്നു. ദൈവസന്നിധിയിൽ നമുക്കായ് മാദ്ധ്യസ്ഥ്യം വഹിക്കുവാൻ ഇനി ബഹുമാനപ്പെട്ട ജോസ് ചിറമേൽ അച്ചനും ഉണ്ടായിരിക്കും. അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും, നന്മകൾക്കും നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം. സ്വർഗ്ഗീയ സമ്മാനത്തിനായ് ദൈവസന്നിധിയിലേയ്ക്ക് യാത്രയായ ചിറമേലച്ചന്റെ ആത്മാവിന് നിത്യശാന്തി നേരാം. അച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളേയും, ബന്ധുമിത്രാദികളേയും കാരുണ്യവാനായ ദൈവം ആശ്വസിപ്പിക്കട്ടെ. സ്നേഹനിധിയായ ജോസ് ചിറമേൽ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ.

■

## സി. അസൻസ C.S.N.



നസ്രത്ത് കോൺവെന്റ്, എടക്കുന്ന്.

| | | |
|---|---|---|
| ജനനം | : | 19/05/1939 |
| വ്രതവാഗ്ദാനം | : | 12/05/1965 |
| മരണം | : | 13/06/2019 |

## സി. ഡയാന C.S.N.



നസ്രത്ത് കോൺവെന്റ്, എടക്കുന്ന്.

| | | |
|---|---|---|
| ജനനം | : | 22/08/1948 |
| വ്രതവാഗ്ദാനം | : | 02/02/1975 |
| മരണം | : | 14/06/2019 |

## സി. ജോർജിൻ F.C.C.



കൃപാസദൻ, കൈപ്ര, ശ്രീമൂലനഗരം.

| | | |
|---|---|---|
| ജനനം | : | 24/05/1938 |
| വ്രതവാഗ്ദാനം | : | 07/05/1963 |
| മരണം | : | 03/06/2019 |

## സി. സെറാഫിം വിളങ്ങാട്ടിൽ S.D.



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | | |
|---|---|---|
| ജനനം | : | 13/06/1937 |
| വ്രതവാഗ്ദാനം | : | 06/01/1957 |
| മരണം | : | 17/06/2019 |

## സി. സൂസന്ന ചെമ്പരത്തി S.D.



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

| | | |
|---|---|---|
| ജനനം | : | 17/08/1924 |
| വ്രതവാഗ്ദാനം | : | 01/05/1945 |
| മരണം | : | 12/06/2019 |

# AICO
## (Archdiocesan Institutions' Central Office)

AICO ഓഫീസിന്റെയും AICO-യുടെ കീഴിൽവരുന്ന സ്ഥാപനങ്ങളുടെയും വാർത്തകൾ ഉൾപ്പെടുത്തി ഒരു News Letter മെയ് മാസം മുതൽ പ്രസിദ്ധീകരണം ആരംഭിച്ചു. എല്ലാ ദിശകളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ മൂന്നുമാസം കൂടുമ്പോഴും ഇത് പ്രസിദ്ധീകരിക്കുന്നതാണ്. ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കേണ്ട വാർത്തകൾ സ്ഥാപനങ്ങളിൽ നിന്നും അയച്ചുതരേണ്ടതാണ്. ബന്ധപ്പെടേണ്ട വിലാസം: Mrs. Leena Joseph, AICO News (aicoekm@gmail.com)

### ബജറ്റ് 2019-20

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനായി AICO യുടെ നേതൃത്വത്തിലുള്ള സംഘം വിവിധ സ്ഥാപനങ്ങളിലുള്ള സന്ദർശനം തുടർന്നുകൊണ്ടിരിക്കുന്നു. ജൂൺ മാസത്തിൽ തൃക്കാക്കരയിലെ ഭാരതമാതാ കോളേജ്, എസ്.എച്ച്. മൈനർ സെമിനാരി, നൈപുണ്യ പബ്ലിക് സ്കൂൾ എന്നിവിടങ്ങളിലെയും, കടവന്ത്ര മാതാ നഗർ പബ്ലിക് സ്കൂൾ, എറണാകുളം ലിസി ഹോസ്പിറ്റൽ എന്നിവിടങ്ങളിലെയും സന്ദർശനങ്ങൾ പൂർത്തിയായി.

### ബോർഡ് മീറ്റിങ്ങുകൾ

നൈപുണ്യ ഇന്റർനാഷണൽ-എറണാകുളം, നൈപുണ്യ പബ്ലിക് സ്കുൾ-എടക്കുന്ന്, ഭാരതമാതാകോളേജ് -തൃക്കാക്കര, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി-കലൂർ എന്നീ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള ബോർഡ് മീറ്റിങ്ങുകൾ ജൂൺ മാസത്തിൽ നടന്നു.

**ഫാ. സേവ്യർ തേലക്കാട്ട്**
**ഡയറക്ടർ**

# വാർത്തകളും വിശേഷങ്ങളും

## 2022-ലെ ആഗോള യുവജന ദിനത്തിന് മരിയൻ പ്രമേയം

പോർച്ചുഗലിലെ ലിസ്ബണിൽ വച്ച് 2022-ൽ നടത്തപ്പെടുന്ന ആഗോളയുവജന ദിനത്തിന്റെ പ്രമേയം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. "മറിയം എഴുന്നേറ്റ് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു" എന്നതാണ് 2022-ലെ ആഗോള യുവജനത്തിന്റെ പ്രമേയമെന്ന് വത്തിക്കാനിൽ നടത്തപ്പെട്ട ഇന്റർനാഷണൽ യൂത്ത് ഫോറത്തിന്റെ സമാപന ദിവസമായ ജൂൺ 22-ാം തീയതി ശനിയാഴ്ച, മാർപാപ്പ പ്രഖ്യാപിച്ചു. പരിശുദ്ധ അമ്മയെപോലെ നാമും എഴുന്നേറ്റ് ദൈവം നമുക്കായ് ഒരുക്കിയിരിക്കുന്ന പാതയിലൂടെ നടക്കേണ്ടവരാണെന്നും, മാതാവിനോട് ചേർന്ന് നമ്മുടെ എല്ലാ സന്തോഷങ്ങളും സ്നേഹവും അനുദിനം മറ്റുള്ളവരുമായ് പങ്കുവയ്ക്കണമെന്നും തദവസരത്തിൽ മാർപാപ്പ ഉദ്ബോധിപ്പിച്ചു.

## ദൈവത്തിന്റെ കരുണാർദ്രസ്നേഹം വേദനിക്കുന്നവരോട് പ്രകടിപ്പിക്കുക അവരുടെ ജീവനെ സംരക്ഷിക്കുക എന്നത് ഡോക്ടേഴ്സിന്റെ ദൗത്യം - ഫ്രാൻസിസ് മാർപാപ്പ

ആതുര ശുശ്രൂഷാരംഗത്ത് പുതിയ മരുന്നുകളും മെഷിനറികളും വഴി ഉന്നതമായ പുരോഗതി പ്രാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിലും സൗഖ്യപ്പെടുത്തൽ എന്നതുകൊണ്ട് അർത്ഥമാക്കുക ദൈവദാനമായ ജീവന്റെ ആരംഭം മുതൽ അവസാനം വരെ അതിനെ ബഹുമാനിക്കണം എന്നതാണ്. ഡോക്ടേഴ്സ് ജീവന്റെ ഉടമകളല്ല, ശുശ്രൂഷകരാണ്. നമ്മുടെ പിതാവായ ദൈവം ഓരോ വ്യക്തിയേയും പരിപാലിക്കുന്നു എന്ന വലിയ വസ്തുത മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നത് ഡോക്ടേഴ്സിന്റെ സുപ്രധാനമായ ദൗത്യമാണ്. വത്തിക്കാനിൽ നടത്തപ്പെട്ട ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് കാത്തലിക് മെഡിക്കൽ അസോസിയേഷന്റെ മീറ്റിംഗിൽ നൽകിയ സന്ദേശത്തിലാണ് ഫ്രാൻസിസ് മാർപാപ്പ ഡോക്ടേഴ്സിനോട് ഇപ്രകാരം ഉദ്ബോധിപ്പിച്ചത്.

# വിശ്വാസപരിശീലന കേന്ദ്രം

## ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്

എൻട്രൻസ് കോച്ചിംഗിനും മറ്റും പോകുന്നതിനായി വിശ്വാസപരിശീലന ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു നിവൃത്തി ഇല്ലാത്തവർക്കുവേണ്ടി മാത്രം അതിരൂപതാകേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്. ഒന്നാം വർഷവും, രണ്ടാം വർഷവും രണ്ട്/മൂന്ന് ദിവസങ്ങളിലായി രണ്ട് സെഷനുകൾ വീതമാണ് (ആകെ 4 സെഷനുകൾ) കോഴ്സ് നടത്തപ്പെടുക. രജിസ്ട്രേഷൻ ഫോം വികാരിയച്ചൻ ഒപ്പ് ഇടുന്നതിനു മുമ്പ് അവർ എൻട്രൻസ് കോച്ചിംഗിന് പോകുന്നവരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഡിപ്ലോമ ഒന്നും, രണ്ടും വർഷങ്ങളിലെ കോഴ്സുകൾ ഒരു വർഷം കൊണ്ടുതന്നെ പൂർത്തിയാക്കാനുള്ള ഒരു സാധ്യതയായി ഇതിനെ പരിഗണിക്കുവാൻ പാടുള്ളതല്ല. ഒരേ സമയം റസിഡൻഷ്യൽ കോഴ്സിലും ഇടവകയിലെ വേദപാഠക്ലാസ്സിലും പങ്കെടുക്കുവാനും സാധിക്കുന്നതല്ല.

1. **2019-2020 അദ്ധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

### ഒന്നാം വർഷ ഡിപ്ലോമ

2019 സെപ്റ്റംബർ 12, 13, 14 - ഒന്നാം വർഷ ഡിപ്ലോമ - I[st] Session
(12-ാം തീയതി വൈകുന്നേരം 5.30-ന് എത്തിച്ചേരുന്നു).

2020 മെയ് 13, 14 - ഒന്നാം വർഷ ഡിപ്ലോമ - II[nd] Session

### രണ്ടാം വർഷ ഡിപ്ലോമ

2019 ഒക്ടോബർ 6, 7 - രണ്ടാം വർഷ ഡിപ്ലോമ - III[rd] Session
2020 മെയ് 6, 7 - രണ്ടാം വർഷ ഡിപ്ലോമ - IV[th] Session

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷയെ സംബന്ധിച്ച വിവരങ്ങൾ കോഴ്സ് നടക്കുന്ന ദിവസങ്ങളിൽ കുട്ടികളെ അറിയിക്കുന്നതായിരിക്കും.

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം **2019 ആഗസ്റ്റ് 31-ാം** തീയതിയാണ്. 2019-2020 വർഷത്തിൽ ഒക്ടോബറിലെ സെഷനിൽ പങ്കെടുത്തവർക്കു മാത്രമാണ് മെയ് മാസത്തിലെ സെഷനിൽ പങ്കെടുക്കുവാൻ സാധിക്കുക. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ നിന്നെടുത്ത് പൂരിപ്പിക്കണം. നാല് സെഷനുകളിലായി കോഴ്സിൽ പങ്കെടുക്കുകയും ഒന്നാം വർഷവും രണ്ടാം വർഷവും നൽകുന്ന അസൈൻമെന്റുകൾ തിരികെ സമർപ്പിക്കുകയും ഒന്നും രണ്ടും വർഷങ്ങളിൽ നടത്തുന്ന പ്രത്യേക പരീക്ഷകളിൽ ഓരോ പരീക്ഷയ്ക്കും ആകെ മാർക്കിന്റെ 35%-മോ അതിലധികമോ മാർക്ക് നേടുകയും ചെയ്യുവർക്കാണ് ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളത്. എൻട്രൻസിന് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം വികാരിയച്ചന് സമർപ്പിച്ച് അദ്ദേഹത്തിന്റെ ശുപാർശയോടുകൂടി വേണം ആപ്ലിക്കേഷൻ ഫോം സമർപ്പിക്കാൻ. **ഓരോ വർഷത്തേക്കും 1500 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. രജിസ്റ്റർ ചെയ്യുന്ന സമയത്ത് പണം അടച്ച് രസീതു വാങ്ങുക.**

റസിഡൻഷ്യൽ കോഴ്സിൽ ചേർന്നു കഴിഞ്ഞവർ കോഴ്സ് സംബന്ധമായ എല്ലാ കാര്യങ്ങളിലും അതിരൂപതാ വിശ്വാസപരിശീലന കേന്ദ്ര ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. XI-ാം ക്ലാസുകാർ ഇടവകയിൽ നടത്തുന്ന Out Reach Programme-നും XII-ാം ക്ലാസുകാർ ഫൊറോനയിൽ നടത്തുന്ന Alive Programme-നും പങ്കെടുക്കണം. ഫൊറോനയിലോ, ഇടവകയിലോ ഉള്ള വിശ്വാസപരിശീലന കേന്ദ്രങ്ങൾ വഴി യാതൊരു അറിയിപ്പുകളും റസിഡൻഷ്യൽ കോഴ്സിൽ ചേർന്നവർക്ക് നൽകുന്നതല്ല.

**ഫൊറോന കൺവെൻഷൻ**

ഈ വർഷം ഫൊറോനാതലത്തിൽ വിശ്വാസപരിശീലകർ ഒരുമിച്ചു കൂടുകയാണ്. പരസ്പരം പരിചയപ്പെടാനും അനുഭവങ്ങളും, കാഴ്ചപ്പാടുകളും പങ്കുവയ്ക്കാനും, പുതിയ തിരിച്ചറിവുകൾ സ്വന്തമാക്കാനുള്ള അവസരമാണിത്. ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെയാണ് സമയക്രമം നിശ്ചയിച്ചിരിക്കുന്നത്. ഫൊറോനാ കൗൺസിലിന്റെ നേതൃത്വത്തിലാണ് ഈ സംഗമം നടക്കുന്നത്.

# പ്രധാന പരിപാടികൾ

**ജൂലൈ 2019**

03 ബുധൻ : ദുക്റാന - ഓഫീസ് അവധി

07 ഞായർ : എലൈവ് - വല്ലം ഫൊറോന

13 ശനി : എൻലൈറ്റ് - പറവൂർ ഫൊറോന

14 ഞായർ : എലൈവ് - തൃപ്പൂണിത്തുറ ഫൊറോന
ഫൊറോന കൺവെൻഷൻ - വല്ലം ഫൊറോന

21 ഞായർ : എലൈവ് - മഞ്ഞപ്ര ഫൊറോന
ഫൊറോന കൺവെൻഷൻ - അങ്കമാലി ഫൊറോന

28 ഞായർ : എലൈവ് - കിഴക്കമ്പലം ഫൊറോന
ഫൊറോന കൺവെൻഷൻ - കാഞ്ഞൂർ ഫൊറോന

**ആഗസ്റ്റ് 2019**

04 ഞായർ : എലൈവ് - കൊരട്ടി ഫൊറോന
ഫൊറോന കൺവെൻഷൻ - മൂക്കന്നൂർ ഫൊറോന

11 ഞായർ : എലൈവ് - എറണാകുളം ഫൊറോന

ഫൊറോന കൺവെൻഷൻ - ഇടപ്പള്ളി ഫൊറോന

സെമിനാരിക്കാരുടെ സംഗമത്തിന് പേരുകൾ നൽകേണ്ട അവസാന തീയതി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2019 JULY - AUGUST

**I. Marriage Preparation Retreat (MPR)**

| | |
|---|---|
| July 7-9 (single) Kaloor | Aug. 04-06 ( Pair ) Kaloor |
| July 16-18(pair) Kalady | Aug. 12-14 (Single) Kaloor |
| July 22 -24(pair) Kaloor | Aug. 13-15 (Pair) Kalady |
| July23-25 (pair) Kalady | Aug. 19-21(Pair) Kaloor |
| Jul y29-31(Single) Kaloor | Aug. 20-22(Single) Kalady |
| | Aug. 27-29 (Pair) Kalady |

**II. Babyshine Retreat (Jeevalaya Family Park, Kalady) (9446744111)**
July 05-07 Aug. 02-4

**III. Grace Rings Couples' Retreat (Jeevalaya Family Park) (9446335441)**
July 11-14 Aug. 8-10

**IV. Parenting Retreat (Jeevalaya Family Park, Kalady) (9495950055)**
July 26-28 Parenting Children Retreat
Aug. 23-25 Parenting Teenagers Retreat

**V. Widows Retreat (Jeevalaya Family Park, Kalady) (9400929111)**
July 19-21 Aug. 16-18

**VI. Judith Forum Forane Meet**
July 27 Moozhikulam Aug. 3 Vallam
Aug. 3 Kanjoor Aug. 24 Koratty

**VII. Forane Directors Metting (FDM)**
Aug. 07

**VIII. GRL Training**
July 6 Kalady (II) July 20 Kalady (I)
July 13 Kaloor (I) July 27 Kaloor (II)

**IX. Grand Parents Day**
July 28

**X. Parenting Seminar**

| | | | | | |
|---|---|---|---|---|---|
| July | 14 | Karukutty | | | |

**XI. Animator Sisters Training**

| | | | | | |
|---|---|---|---|---|---|
| July | 20 | Kaloor | Aug. | 03 | Kalady |
| July | 27 | Vaikom | | | |

**XII. Pankali Focus**

| | | | | | |
|---|---|---|---|---|---|
| July | 21 | Vallam | | | |

**XIII. WIN WIN Couples Training Program**

| | | | | | |
|---|---|---|---|---|---|
| July | 2 | Vaikom | Aug. | 15 | Karukutty |
| July | 9 | Vaikom | Aug. | 22 | Karukutty |
| July | 16 | Vaikom | Aug. | 29 | Karukutty |
| July | 23 | Vaikom | | | |
| July | 30 | Vaikom | | | |

**XIV. FA Council Training**

| | | | | | |
|---|---|---|---|---|---|
| Aug. | 10 | Kaloor | Aug. | 17 | Kalady |

**XV. Couple Seminar**

| | | | |
|---|---|---|---|
| July | 7 | Edakkunnu | (Bethel-1) |
| July | 14 | Edakkunnu | (Bethel-2) |
| July | 21 | Edakkunnu | (Bethel-3) |
| July | 28 | Prasadagiri | |

**XVI. FFAFM - II**

| | | | | | |
|---|---|---|---|---|---|
| July | 14 | Parur | July | 21 | Mookkannoor |

## Life-Win വിധവാപരിശീലന പരിപാടി

ഇടവകതലത്തിൽ Life-Win എന്ന പേരിൽ 55 വയസ്സിന് താഴെയുള്ള വിധവകൾക്കായി 28 മാസത്തെ പരിശീലന പരിപാടി ആരംഭിക്കുന്നു. ഒറ്റയ്ക്ക് മക്കളെ വളർത്തുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് ജീവിതവിജയം കണ്ടെത്താൻ വിധവകളെ സഹായിക്കുകയും അവരെ ശുശ്രൂഷ നേതൃത്വത്തിലേക്ക് കൊണ്ടുവരികയുമാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്ക്; 9400929111

### ഗ്രാൻഡ് പാരന്റ്സ് ഡേ ആഘോഷം

ഈശോയുടെ ഗ്രാൻഡ് പാരന്റ്സ് ആയ വി. യോവാക്കിമിന്റെയും അന്നയുടെയും തിരുനാൾ ദിനമായ ജൂലൈ 26-ാം തീയതി നമ്മുടെ അതിരൂപതയിൽ ഗ്രാൻഡ് പാരന്റ്സ് ഡേ ആയി ആഘോഷിക്കുന്നു. കുടുംബങ്ങളിൽ മുതിർന്ന മാതാപിതാക്കൾക്ക് മക്കളും, പേരക്കുട്ടികളും

നല്കുന്ന അംഗീകാരത്തെയും ബഹുമാനത്തെയും പ്രോത്സാഹിപ്പിക്കുക യാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. അതിനുവേണ്ടതായ ക്രമീകരണ ങ്ങൾ അതിരൂപതാ കുടുംബപ്രഷിത കേന്ദ്രത്തിന്റെ സഹകരണത്തോടെ ഇടവകതലങ്ങളിൽ നടത്തുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

സംഘാടനം : **ഇടവകാടിസ്ഥാനത്തിൽ, ഗ്രെയ്സ് റിപ്പിൾസ് ദമ്പതി കൂട്ടായ്മയുടെ നേതൃത്വത്തിൽ**

ദിവസം: **2018 ജൂലൈ 28 (ഞായർ)**

വിഷയം : **സുകൃത സൗഹൃദത്തിന് ഗ്രാന്റ് പാരന്റ്സ്**

നടത്താവുന്ന രീതികൾ

- അന്നേദിവസം വി. കുർബാനയോടനുബന്ധിച്ച് സംഘടിപ്പിക്കുക.
- വി.കുർബാനയ്ക്ക് ദേവാലയത്തിൽ ഏറ്റവും മുന്നിലായി ഗ്രാൻഡ് പാരന്റ്സിനുള്ള ഇരിപ്പിടങ്ങൾ തയ്യാറാക്കുക.
- വി. കുർബാനയുടെ ആരംഭത്തിൽ അവരെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുക.
- സാധിക്കുമെങ്കിൽ കുർബാനയ്ക്കിടയിൽ ലേഖനം വായിക്കാനും, കാഴ്ചസമർപ്പിക്കാനും ഗ്രാൻഡ് പാരന്റ്സിന് അവസരം നല്കുക.
- വി. കുർബാനയ്ക്കുശേഷം ഇടവകയുടെ പ്രതിനിധികൾ ആരെങ്കിലും ആശംസകളും അഭിനന്ദനങ്ങളും നേരുക.
- പൊന്നാടയണിക്കാൻ പേരക്കുട്ടികളെ ഒരുക്കുക.
- മക്കൾ മാതാപിതാക്കൾക്ക് പൂവ് കൊടുത്ത് ആദരിക്കുക.
- ഗ്രാൻഡ് പാരന്റ്സിനായി കാപ്പി ഒരുക്കുക. ഒരു ചെറിയ സമ്മാനവും നല്കുന്നത് ഉചിതമായിരിക്കും.

## വിവാഹോത്സവ്

ഫൊറോന തലത്തിൽ വിവാഹത്തിന്റെ 25ഉം 50ഉം വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരിക്കുന്ന വിവാഹോത്സവ് സെപ്റ്റംബർ, നവംബർ മാസങ്ങളിൽ നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും 1969 ലും 1994 ലും വിവാഹിതരായ ദമ്പതികളുടെ പേരും, ഫോൺ നമ്പറും അതിരൂപത കേന്ദ്രത്തിൽ ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ ആഗസ്റ്റ് 31-നകം എത്തിക്കേണ്ടതാണ്.

## പങ്കാളി ഫോക്കസ്

ജീവിതസഖിയുടെ തെരഞ്ഞെടുപ്പ് വിവാഹജീവിത വിജയത്തിനു നിർണ്ണായകമാണല്ലോ. ഈ തെരഞ്ഞെടുപ്പ് ആരോഗ്യകരമാകാനുള്ള പ്രത്യേക

പരിശീലനമാണ് പങ്കാളി ഫോക്കസ്. മുൻകാലത്തിൽ നിന്നു വ്യത്യസ്തമായി വിവാഹം ഉറപ്പിച്ചതിനുശേഷം മാത്രം വിവാഹ ഒരുക്ക ധ്യാനത്തിലേക്ക് വരുന്നതിനാലാണ് ഈ പരിശീലനം ഫൊറോനാതലത്തിൽ നടത്തുന്നത്. വിവാഹം ആലോചിക്കുന്നവരേയും അവരുടെ മാതാപിതാക്കളേയും ഈ പരിശീലനത്തിലേക്ക് സ്വാഗതം ചെയ്യുന്നു. ഓരോ ഫൊറോനയിലും ഇത് വിജയകരമായി നടപ്പിലാക്കുവാൻ ബഹു. വികാരിയച്ചന്മാരുടെ പിൻതുണ പ്രതീക്ഷിക്കുന്നു

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

---

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA

## സഹൃദയ ഗ്രാമോത്സവം

കോക്കമംഗലം, നോർത്ത് പാണാവള്ളി, വൈക്കം നടേൽ, കുടവെച്ചൂർ, പനങ്ങാട് ഇടവകകളിൽ സഹൃദയ ഗ്രാമോത്സവം സംഘടിപ്പിച്ചു. ഗ്രാമോത്സവത്തിന് ഒരുക്കമായി ഇടവകകളിലെ ഭവനങ്ങൾ സന്നദ്ധപ്രവർത്തകർ സന്ദർശിച്ച് കുടുംബാംഗങ്ങളുമായി സംവദിക്കുന്ന സോഷ്യൽ മിഷനും സംഘടിപ്പിച്ചു.

ഗ്രാമോത്സവവും സോഷ്യൽ മിഷനും വിജയകരമാക്കുവാൻ സഹകരിച്ച ബഹു. വികാരി മാർക്കും ഇടവകയിലെ സഹൃദയ വെൽഫെയർ സെന്റർ നേതാക്കൾക്കും നന്ദി.

## ജീവാമൃതം പദ്ധതി

ഫ്രാൻസ് ഡി ഫൗണ്ടേഷന്റെ സഹകരണത്തോടെ വല്ലം, നീലീശ്വരം മേഖലകളിൽ നടപ്പാക്കുന്ന ജീവാമൃതം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് വാട്ടർ പ്യൂരിഫയറുകൾ വിതരണം ചെയ്തു.

## സോഷ്യൽ ഓറിയന്റേഷൻ ക്ലാസ്സ്

അമൃത മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ രണ്ടു ബാച്ചിന് സഹൃദയയിൽ സോഷ്യൽ ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു.

**ഇൻഫാം മീറ്റിംഗ്**

ഇൻഫാം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളിയിൽ നടത്തിയ പരിശീലന പരിപാടിയിൽ എറണാകുളം ജില്ലാ പ്രതിനിധികൾ പങ്കെടുത്തു.

**ചൈൽഡ്ലൈൻ വാർഷികത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സൗജന്യ തീവണ്ടിയാത്ര**

എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ സഹൃദയയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന റയിൽവേ ചൈൽഡ് ഹെൽപ് ഡസ്കിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് നാലു സ്പെഷ്യൽ സ്കൂളുകളിൽ നിന്നുള്ള 95 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് എറണാകുളം സൗത്ത് സ്റ്റേഷനിൽ നിന്നും ആലപ്പുഴവരേയും തിരിച്ചും സൗജന്യ തീവണ്ടിയാത്ര സംഘടിപ്പിച്ചു. റയിൽവേ അധികാരികൾ, ശിശുക്ഷേമ സമിതി അധികാരികൾ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്ത വാർഷിക സമ്മേളനവും നടത്തി.

**ഹരിതസഹായസ്ഥാപനം**

ഹരിതസഹായ സ്ഥാപനമെന്ന നിലയിൽ വൈക്കം തലയാഴം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമസേനയുടെ വിലയിരുത്തൽ യോഗം സഹൃദയയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**ഭവന പദ്ധതി**

സേവ് എ ഫാമിലി പ്ലാൻ ഗോൾഡൻ ജൂബിലി ഭവനപദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമാണം പൂർത്തിയായിവരുന്നു.

**സോളാർ ഉപകരണങ്ങൾ**

സോളാർ ലാന്റേണുകൾ, വാട്ടർ ഹീറ്ററുകൾ തുടങ്ങിയവ സഹൃദയ വഴി ലഭ്യമാണ്.

**സി.ആർ.എസ്. കാർഷിക പുനരുദ്ധാരണപദ്ധതി**

കാത്തലിക്ക് റിലീഫ് സർവീസിന്റെ സഹകരണത്തോടെ മള്ളുശേരി, മൂഴിക്കുളം, അയിരൂർ, കുറ്റിപ്പുഴ, നെടുവന്നൂർ മേഖലകളിലെ പ്രളയം മൂലം തീവ്രനാശം നേരിട്ട കർഷകർക്കായി സഹായ വിതരണം സംഘടിപ്പിച്ചു.

# സഹായ, വായ്പാ വിതരണ വിവരം മെയ് 2019

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ് മൈക്രോ ഫിനാൻസ്** | | |
| സ്വയംതൊഴിൽ വായ്പ | 1,30,64,000.00 | |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (29) | | 3,89,953.00 |
| കർമ്മശ്രീ സ്വയംതൊഴിൽ പദ്ധതി (19) | | 2,61,000.00 |
| സ്പെഷ്യൽ ഗിഫ്റ്റ് | | 71,543.00 |
| **ലൈറ്റ് എ ലൈഫ് കുടുംബ സഹായ പദ്ധതി** | | |
| ചികിത്സാ സഹായം | | 35,000.00 |
| ദുരിതാശ്വാസം | | 6,000.00 |
| വിദ്യാഭ്യാസ സഹായം | | 57,000.00 |
| സ്വയംതൊഴിൽ സഹായം | | 10,000.00 |
| ഭവന നിർമാണ സഹായം | | 1,00,000.00 |
| കാൻസർ ചികിത്സാ സഹായം | | 10,000.00 |
| വിവാഹ സഹായം | | 1,00,000.00 |
| **കാരുണ്യപ്രവാഹം - പ്രളയാനന്തര സഹായം** | | |
| ഭവന നിർമാണ സഹായം | | 6,90,000.00 |
| ഭവന പുനരുദ്ധാരണ സഹായം | | 1,59,309.00 |
| സി.ആർ.എസ്. കാർഷിക പുനരുദ്ധാരണ പദ്ധതി സഹായം (175) | | 28,00,000.00 |
| **ഇൻഷുറൻസ് പദ്ധതികൾ** | | |
| സഹൃദയ ആശ്വാസ് ഇൻഷുറൻസ് | | 4,12,921.00 |
| സഹൃദയ കാരുണ്യ ഇൻഷുറൻസ് പദ്ധതി | | 2,58,87,139.00 |
| സഹൃദയ ആശ്വാസ് മരണാനന്തര സഹായ പദ്ധതി (3) | | 3,000.00 |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

# അതിരൂപതാ സി. എൽ. സി.

## മരിയോത്സവ് - 2019

### ഫോർമേഷൻ ക്യാമ്പ്

അതിരൂപതയുടെ നേതൃത്വത്തിൽ രണ്ട് മേഖലകളായി തിരിച്ച് ഫോർമേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ജൂലൈ 12, 13 തീയതികളിൽ അങ്കമാലി, കാലടി മേഖല, സെപ്റ്റംബർ 8, 9 തീയതികളിൽ ചേർത്തല, എറണാകുളം മേഖല. ഒരു ഫൊറോനയിൽ നിന്ന് 10 അംഗങ്ങൾ വീതം പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### മരിയോത്സവം - സാഹിത്യ മത്സരങ്ങൾ

സി.എൽ.സി. അതിരൂപത കൗൺസിലിന്റെ നേതൃത്വത്തിൽ തുടർച്ചയായി നടത്താറുള്ള മരിയോത്സവം - കലാ സാഹിത്യ മത്സരങ്ങൾ ഈ വർഷം സാഹിത്യ മത്സരങ്ങൾ മാത്രമായി നടത്തുന്നു. ജൂലൈ 31-ന് മുൻപ് ഫൊറോന തലത്തിൽ മത്സരങ്ങൾ നടത്തുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. സാഹിത്യ മത്സരങ്ങളുടെ ഇനവും നിയമാവലിയും ഫൊറോനയിൽ അറിയിക്കുന്നതാണ്. അതിരൂപതാ മത്സരം ആഗസ്റ്റ് 10-ാം തീയതി റിന്യൂവൽ സെന്ററിൽ നടത്തുന്നു.

## സാഹിത്യ മത്സരങ്ങൾ

| ക്രമ. നം. | മത്സരയിനം | ഓരോ ഫൊറോനയിൽ നിന്നും അയച്ചുതരേണ്ട കൃതികൾ | വിശദാംശങ്ങൾ |
|---|---|---|---|
| 1. | കവിതാരചന | ജൂനിയർ 2 പേർ, സീനിയർ 2 പേർ, സൂപ്പർ സീനിയർ 2 | **1 മണിക്കൂർ** വിഷയം തരും |
| 2. | ചെറുകഥ | ജൂനിയർ 2 പേർ, സീനിയർ 2 പേർ, സൂപ്പർ സീനിയർ 2 | **1 മണിക്കൂർ** വിഷയം തരും |
| 3. | ഉപന്യാസ രചന | ജൂനിയർ 2 പേർ, സീനിയർ 2 പേർ, സൂപ്പർ സീനിയർ 2 | **1 മണിക്കൂർ** വിഷയം തരും |

| | | | |
|---|---|---|---|
| 4. | കാർട്ടൂൺ രചന (കറുത്ത മഷി മാത്രമേ ഉപയോഗിക്കാവൂ.) | ജൂനിയർ 2 പേർ, സീനിയർ 2 പേർ, സൂപ്പർ സീനിയർ 2 | **1 മണിക്കൂർ** വിഷയം തരും. |
| 5. | പോസ്റ്റർ രചന (ഇഷ്ടമുള്ള കളറുകൾ ഉപയോഗിക്കാം.) | ജൂനിയർ 2 പേർ, സീനിയർ 2 പേർ, സൂപ്പർ സീനിയർ 2 | **1 മണിക്കൂർ** വിഷയം തരും |
| 6. | പെൻസിൽ ഡ്രോയിംഗ് (പെൻസിൽ മാത്രം ഉപയോഗിക്കാവൂ) | ജൂനിയർ 2 പേർ, സീനിയർ 2 പേർ, സൂപ്പർ സീനിയർ 2 | **1 മണിക്കൂർ** വിഷയം തരും |
| 7. | തിരക്കഥാ രചന | ജൂനിയർ 2 പേർ, സീനിയർ 2 പേർ, സൂപ്പർ സീനിയർ 2 | **1 മണിക്കൂർ** വിഷയം തരും |
| | (തരുന്ന വിഷയം ആസ്പദമാക്കി 4 മുതൽ 7 മിനിറ്റ് വരെ ദൈർഘ്യം വരുന്ന ഒരു ഷോർട്ട് ഫിലിമിന്റെ തിരക്കഥ തയ്യാറാക്കുക) | | |

## ഇഗ്നേഷ്യസ് ലയോള അനുസ്മരണം

പ്രിയരെ, നമ്മുടെ അദ്ധ്യാത്മിക ആചാര്യനായ ഇഗ്നേഷ്യസ് ലയോളയുടെ അനുസ്മരണം ജൂലൈ 31-ാം തീയതി അതത് ഫൊറോനകളുടെ നേതൃത്വത്തിൽ സമുചിതമായി ആചരിക്കണമെന്നും, എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ വർക്കുള്ള ഉപഹാരങ്ങൾ നൽകുവാൻ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

## സി.എൽ.സി അംഗത്വ വാരാചരണം

ആഗസ്റ്റ് 8 മുതൽ 15 വരെ സി.എൽ.സി. അംഗത്വ-നവീകരണ വാരാചരണം നടത്തപ്പെടുന്നു. എല്ലാ ഇടവകളിലേക്കും ഇതിനായുള്ള പോസ്റ്ററുകളും പ്രതിജ്ഞകളും തയ്യാറാക്കി നൽകുന്നതാണ്. അതാത് ഇടവകളിൽ അംഗത്വ സ്വീകരണത്തിന്റെയും അംഗത്വ നവീകരണത്തിന്റെയും പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണ തിരുനാളിന്റെയും ആഘോഷങ്ങൾ സംയുക്തമായി നടത്തപ്പെടുന്നു.

**ഫാ. തോമസ് മഴുവഞ്ചേരി**
**ഡയറക്ടർ**

# Bharata Mata College, Thrikkakara

## Vacancy for Assistant Professors

Applications are invited to the post of Assistant Professors in the following subjects **Chemistry 1, Zoology 1, Commerce 1, English 2, Mathematics 2 and Physics 4**. 50% of the posts will be under Open Quota and the remaining under Community Quota. Age, Qualifications and Pay will be as per prevailing UGC/Mahatma Gandhi University/Govt. of Kerala rules and regulations.

Candidates satisfying the requirements may apply online within 30 days of this advertisement. For further details please visit www.bharatamatacollege.in

**Fr. Jacob G. Palackappilly**
**Manager**

# നൈപുണ്യ ഇന്റർനാഷണൽ

Broadway, Ernakulam. Phone: 0484-2381948/49

**നൈപുണ്യ അക്കാദമി, കലൂർ**
German Birds:- +2 കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ജർമ്മനിയിൽ നേഴ്സിംഗ് പഠനത്തിന് ആവശ്യമായ കൗൺസലിംഗും ജർമ്മൻ ഭാഷാ പഠന സൗകര്യവും ആരംഭിച്ചിരിക്കുന്നു.

**Special Civil Service Program**
8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കുവേണ്ടി ഒരു Special Civil Service Program തുടങ്ങിയിരിക്കുന്നു. ഇക്കൊല്ലം 25 സ്കൂളുകളിലായി നടത്തപ്പെടുന്ന SCSP വരെ ലളിതവും ആകർഷകവുമാണ്.

കൂടുതൽ വിവരങ്ങൾക്ക്: **നൈപുണ്യ അക്കാദമി, കലൂർ**
**Phone: 0484-2534849, 9544919144**

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# ARCHDIOCESAN CORPORATE EDUCATIONAL AGENCY

## Empower -2019

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കും വേണ്ടി അങ്കമാലി സുബോധന, പള്ളിപ്പുറം സെന്റ് മേരീസ് പള്ളി, കലൂർ റിന്യൂവൽ സെന്റർ എന്നിവിടങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ ഏപ്രിൽ 11 വ്യാഴം, ഏപ്രിൽ 25 വ്യാഴം, മെയ് 10 വെള്ളി എന്നീ തീയതികളിൽ റിഫ്രഷർ കോഴ്സുകൾ (Empower -2019) നടത്തി. അങ്കമാലിയിലും റിന്യൂവൽ സെന്ററിലും നടന്ന കോഴ്സുകളിൽ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും പള്ളിപ്പുറത്ത് വെരി. റവ. ഡോ. വർഗീസ് പൊട്ടയ്ക്കലും മുഖ്യപ്രഭാഷണം നടത്തി. എല്ലാ സെന്ററുകളിലും സോഷ്യൽ സർവ്വീസ് സെന്റർ അസി. ഡയറക്ടറും യോഗ തെറാപ്പിസ്റ്റുമായ ഫാ. പീറ്റർ തിരുതനത്തിൽ നയിച്ച യോഗാ ക്ലാസ്സുകൾ വ്യത്യസ്തത പുലർത്തി. അനദ്ധ്യാപക ജീവനക്കാർക്കുള്ള കോഴ്സ് മെയ് 4 ശനിയാഴ്ച കലൂർ റിന്യൂവൽ സെന്ററിലും പ്രധാനാദ്ധ്യാപകർക്കു വേണ്ടിയുള്ളത് മെയ് 18 ശനിയാഴ്ച സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലും വച്ച് നടത്തി. വിദ്യാലയങ്ങളിൽ സെയ്ഫ് എൻവയർമെന്റ് കമ്മിറ്റികളുടെ രൂപീകരണം, എഡ്യൂക്കേഷൻ 4.1, മറ്റു വിവിധ വിഷയങ്ങൾ സംബന്ധിച്ച ചർച്ചകൾ എന്നിവയ്ക്ക് കോർപ്പറേറ്റ് മാനേജർ ഫാ. പോൾ ചിറ്റിനപ്പിള്ളി, അസി. മാനേജർ ഫാ. സിജോ കിരിയാന്തൻ, കോ ഓർഡിനേറ്റർ പ്രൊഫ. ഫ്രാൻസീസ് എടത്രക്കരി എന്നിവർ നേതൃത്വം നൽകി.

### പ്രവേശനോത്സവം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് പ്രവേശനോത്സവം നടത്തുകയുണ്ടായി. വിവിധ പരിപാടികളോടെ നടത്തിയ ആഘോഷങ്ങൾ അതതു സ്കൂളുകളുടെ മാനേജരച്ചൻമാരും അദ്ധ്യാപകരും നേതൃത്വം നല്കി. അദ്ധ്യാപക-അനദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്തൃ സംഘടനാംഗങ്ങളും പരിപാടികളിൽ സജീവ നേതൃത്വം നല്കി.

### നിയമനങ്ങൾ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി രൂപീകരണ വേളയിൽ വിവിധ സ്കൂളുകളിൽ ഡിവിഷൻ നഷ്ടപ്പെട്ടതിനാൽ ജോലിയിൽ നിന്നു മാറി നില്കേണ്ടി വന്നിരുന്നവരിൽ ബാക്കിയുണ്ടായിരുന്ന മുഴുവൻ അദ്ധ്യാപകരേയും കഴിഞ്ഞ അദ്ധ്യയന വർഷമുണ്ടായ റിട്ടയർമെന്റ് ഒഴിവുകളിൽ നിയമിക്കാൻ സാധി

ച്ചു. ഇനിയും ഒഴിവു വന്ന ഏതാനും തസ്തികകളിലേക്ക് പത്രപരസ്യം വഴിയും എറണാകുളം മിസ്സത്തിലൂടെയുള്ള അറിയിപ്പു വഴിയും അപേക്ഷകൾ ക്ഷണിച്ച് ടെസ്റ്റും ഇന്റർവ്യൂവും നടത്തി പുതിയ അദ്ധ്യാപകരെ നിയമിച്ചു.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**കോർപ്പറേറ്റ് മാനേജർ**

## CATHOLIC TEACHERS' GUILD

അതിരൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 2019-20 പ്രവർത്തന വർഷഉദ്ഘാടനവും S.S.L.C, Plus-2 പരീക്ഷയിൽ 100% വിജയം നേടിയ വിദ്യാലയങ്ങളേയും ഫുൾ A+ നേടിയ വിദ്യാർത്ഥികളേയും ആദരിക്കുന്ന ചടങ്ങും കലൂർ റിന്യൂവൽ സെന്ററിൽ വച്ച് 15-06-2019 ശനിയാഴ്ച 2.30-ന് അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. പോൾ ജെയിംസ് ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ അതിരൂപതാ ഡയറക്ടർ റവ.ഡോ.പോൾചിറ്റിനപ്പിള്ളി, അസി.ഡയറക്ടർ റവ. ഫാ. സിജോ കിരിയാന്തൻ, റവ. സി. ജയ സി.എം.സി, മാർട്ടിൻ ടി. ജി, ശ്രീമതി. ജീബ പൗലോസ് എന്നിവർ സംസാരിക്കുകയുണ്ടായി. 630 കുട്ടികളേയും 40 വിദ്യാലയങ്ങളേയും യോഗമദ്ധ്യേ ആദരിക്കുകയുണ്ടായി.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**ഡയറക്ടർ**

## സമന്വയ കൗൺസലിംഗ് സെന്റർ

### സർട്ടിഫിക്കറ്റ് വിതരണം നടത്തി

കലൂർ റിന്യൂവൽസെന്ററിലെ സമന്വയ കൗൺസിലിംഗ് സെന്ററിൽ ഒരു വർഷത്തെ കൗൺസിലിംഗ്, പഠനവൈകല്യ പരിഹാര പരിശീലന കോഴ്സുകളുടെ ഗ്രാജുവേഷൻ സർട്ടിഫിക്കറ്റ് വിതരണം 2019 ജൂൺ 15 ശനിയാഴ്ച രാവിലെ 10-ന് മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഫാ. പോൾചിറ്റിനപ്പിള്ളി, ഫാ. സിജോ കിരിയാന്തൻ, സി.നൈസി എം.എസ്.ജെ, ശ്രീ.ജോസഫ്, ശ്രീമതി.ചന്ദ്രലേഖ ടീച്ചർ എന്നിവർ പ്രസംഗിച്ചു. ശ്രീ.പി.സി.തോമസ് ഏവർക്കും നന്ദി പറഞ്ഞു.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**മെയ് 2019**

12 ജോർജ് ആലഞ്ചേരി പിതാവ് പൊൻകുന്നത്തു നടന്ന പാറേക്കാട്ട് കുടുംബയോഗത്തിന്റെ 36-ാം വാർഷികം ഉദ് ഘാടനം ചെയ്തു. മുണ്ടക്കയം ലത്തീൻ പള്ളിയുടെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായുള്ള വിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളി ഹാളിൽ നടന്ന യൂത്ത് മഹാസമ്മേളനം ഉദ്ഘാടനം ചെയ്തു.

ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ കിടങ്ങൂരിൽ ബഹു. ബൈജു ഇടശ്ശേരി അച്ചന്റെ വന്ദ്യപിതാവിന്റെ മൃതദേഹത്തിങ്കൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി.

ജോസ് പുത്തൻവീട്ടിൽ പിതാവ് സൗത്ത് തുറവൂർ പള്ളിയിൽ പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി. ഉച്ചകഴിഞ്ഞ് വല്ലകം പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

13 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന പ്രതിഭാസംഗമത്തിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുക്കുകയും അവാർഡ് ദാനം നടത്തുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഞാറയ്ക്കൽ ഇടവകയിലെ Poor Home-ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ആലുവ സി.എസ്.റ്റി. ജനറലേറ്റിൽ ബ്രദേഴ്സിന് മൈനർ ഓർഡേഴ്സ് നൽകി.

14 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർ മിഷൻ ഉപകാരികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അകപ്പറമ്പ് സാന്താ തെരേസാ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന ചടങ്ങിലും ജൂബിലിയിലും മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന നൈപുണ്യ ഇന്റർനാഷണലിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

15 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പാലാരിവട്ടം സി.എം.സി. കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് അരമ

നയിൽ നടന്ന തൂറവൂർ ഐ.റ്റി.ഐ. യുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

16 ജോർജ് ആലഞ്ചേരി പിതാവ് പാലാ കത്തീഡ്രലിൽ S.M.S. Sisters -ന്റെ സുവർണ്ണജൂബിലിയിൽ വി. കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

17 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് നിവേദിതയിൽ എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂളിലെ ടീച്ചേഴ്സിനുവേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

18 ജോർജ് ആലഞ്ചേരി പിതാവ് കോക്കമംഗലത്ത് ആർച്ചുബിഷപ്പ് ജോസഫ് ചെന്നോത്ത് പിതാവിന്റെ ജൂബിലി കുർബാനയിൽ പങ്കെടുത്ത് വചനസന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് നിവേദിതയിൽ എടക്കുന്ന് നൈപുണ്യ പബ്ലിക് സ്കൂളിലെ ടീച്ചേഴ്സിനുവേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാമിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും, ക്ലാസ്സ് എടുക്കുകയും ചെയ്തു.

19 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം ലിസി ഹോസ്പിറ്റലിൽ ഹൃദ്രോഗസംബന്ധമായ ശസ്ത്രക്രിയകൾക്ക് വിധേയരായവരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിജോപുരം പള്ളിയുടെ പ്ലാറ്റിനം ജൂബിലി കുർബാനയിൽ മുഖ്യകാർമികത്വം വഹിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ലിസ്യൂനഗർ പള്ളിയിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യം നൽകി.

20 ജേക്കബ് മനത്തോടത്ത് പിതാവും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഉച്ചകഴിഞ്ഞ് മേജർ ആർച്ച് ബിഷപ്സ് ഹൗസിൽ നടത്തപ്പെട്ട പത്രസമ്മേളനത്തിൽ പങ്കെടുത്തു.

21 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം ടൗൺ ഹാളിൽ നടന്ന പരേതനായ മുൻമന്ത്രി ശ്രീ. കെ.എം. മാണി അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു.

21-22 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ലിറ്റർജി മീറ്റിംഗിൽ പങ്കെടുത്തു.

22 ജേക്കബ് മനത്തോടത്ത് പിതാവ് കീച്ചേരി പള്ളിയിൽ ബ. ജോസഫ് കുഞ്ചരത്ത് അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. കീച്ചേരി ബഥേൽ ഓൾഡ് ഏജ് ഹോം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ആമ്പല്ലൂർ പള്ളിയിൽ ബ. ഫ്രാൻസിസ് പാറപ്പുറം അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഉച്ചകഴിഞ്ഞ് ബ. ഫ്രാൻസിസ് പാറപ്പുറം അച്ചന്റെ മൃതസംസ്കാരശുശ്രൂഷാ ചടങ്ങിൽ പങ്കെടുത്തു.

23 ജോർജ് ആലഞ്ചേരി പിതാവ് രാവിലെ പിതാവ് കാനഡയ്ക്ക് പോയി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് പ്രസാദഗിരി പള്ളിയുടെ ആഭിമുഖ്യത്തിൽ നടന്ന സി.എൽ.സി. മീറ്റിംഗിൽ സന്ദേശം നൽകി.

24 ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് കലൂർ റിന്യൂവൽ സെന്ററിൽ അതിരൂപതയുടെ ആനുകാലിക പ്രശ്നങ്ങളെക്കുറിച്ചുള്ള വിശദീകരണയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും യോഗത്തിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന ചിറ്റൂർ സ്നേഹശുശ്രൂഷാലയം, വെൽഫെയർ സെന്റർ എറണാകുളം, പൊങ്ങം നൈപുണ്യ എന്നിവയുടെ ബോർഡ് മീറ്റിംഗുകളിൽ പങ്കെടുത്തു.

25 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് റിന്യൂവൽ സെന്ററിൽ മതബോധന അവാർഡ് വിതരണം നടത്തുകയും പുതിയ അദ്ധ്യയനവർഷാരംഭം ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. പാണാവള്ളി പള്ളിയിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യം നൽകി. കാലടിയിൽ സി. അമല കാളാംപറമ്പൻ SCCG-യുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ മതബോധന ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ദേവഗിരി പള്ളിയിൽ വി. കുർബാന അർപ്പിച്ച് *'പാരിഷ് ഡേ'*-യിൽ പങ്കെടുത്തു.

26 ജേക്കബ് മനത്തോടത്ത് പിതാവ് മുരിങ്ങൂരിൽ ബ. പോൾ അമ്പൂക്കൻ അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. എറണാകുളം ലിസി ആശുപത്രിയിൽ I.B.D. Day ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് എറണാകുളം സെന്റ് മേരീസ് കോൺവെന്റിൽ സി. ലൈബർത്ത സി.എം.സി. യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി. വൈകിട്ട് ലിസ്യൂനഗർ ലിറ്റിൽ ഫ്ളവർ പള്ളിയുടെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും, പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഞാറള്ളൂർ ഇടവകയിൽ വി. കുർബാന അർപ്പിച്ച് മതാദ്ധ്യാപകരേയും വിദ്യാർത്ഥിക ളേയും നേരിൽ കണ്ടു. മുരിങ്ങൂരിൽ ബ. പോൾ അമ്പൂക്കൻ അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

ജോസ് പുത്തൻവീട്ടിൽ പിതാവ് മുരിങ്ങൂരിൽ ബ. പോൾ അമ്പൂ ക്കൻ അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയോ ടനുബന്ധിച്ച് ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. നിവേദിതയിൽ അച്ചന്മാരുടെ വാർഷികധ്യാനത്തിൽ സന്ദേശം നൽകി.

27 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ കുന്നുംപുറം പള്ളി യിൽ ബ. ആന്റണി മാങ്കുറിയിൽ അച്ചന്റെ വന്ദ്യ മാതാവിന്റെ 10-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മങ്കുഴി ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

28 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ ചൂണ്ടി ഭാരത മാതാ കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. അങ്കമാലി സുബോധനയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

29 ജോർജ് ആലഞ്ചേരി പിതാവ് കാനഡയിൽ നിന്ന് തിരിച്ചെത്തി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് നോർത്ത് ചമ്പന്നൂർ പള്ളിയിൽ വി. കുർബാന അർപ്പിച്ച് സൗഹൃദ ക്ഷേമ സംഘത്തിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാജഗിരി ഇടവകയിൽ ഡി. എസ്. എച്ച്.ജെ. സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 ജേക്കബ് മനത്തോടത്ത് പിതാവും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും, അരമനയിൽ സേവനം ചെയ്തശേഷം സ്ഥലം മാറിപോകുന്ന സിസ്റ്റേഴ്സിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

31 ജേക്കബ് മനത്തോടത്ത് പിതാവ് അരമനയിലെ ജീവനക്കാരുടെ കുട്ടികൾക്കുവേണ്ടി നടത്തിയ വിദ്യാരംഭം 2019 പരിപാടിയിൽ ആദ്ധ്യക്ഷ്യം വഹിച്ച് സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടത്തപ്പെട്ട വിദ്യാരംഭം 2019 പരിപാടിയിൽ സംബന്ധിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എടക്കുന്ന് വൈദികമന്ദിരം സന്ദർശിച്ചു.

## ജൂൺ 2019

1 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എടക്കുന്ന് വൈദികമന്ദിരത്തിലെ വൈദികരോടൊപ്പം വി. കുർബാന അർപ്പിച്ചു.

2 ജോർജ് ആലഞ്ചേരി പിതാവ് അരണാട്ടുകര സെന്റ് തോമസ് ദേവാലയത്തിൽ ആന്റണി ചിറയത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് നോർത്ത് തുറവൂർ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് പട്ടണം പള്ളിയുടെ ഇടവക പ്രഖ്യാനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

3 ജോർജ് ആലഞ്ചേരി പിതാവ് മംഗലപ്പുഴ സെമിനാരിയുടെ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തണ്ണീർമുക്കം പള്ളിയിൽ മതബോധന പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് അരമനയിൽ നടന്ന വൈക്കം വെൽഫെയറിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. ചുണങ്ങംവേലി എം.എസ്.ജെ. കോൺവെന്റിന്റെ ആശീർവാദം നടത്തി.

4 - 6 പിതാക്കന്മാർ പി.ഒ.സി. യിൽ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

6 ജോർജ് ആലഞ്ചേരി പിതാവ് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ, മലങ്കര സുറിയാനി കത്തോലിക്ക സഭയിലെ സീനിയർ മെത്രാപോലീത്തയും തിരുവല്ല രൂപതയുടെ അഞ്ചാമത്തെ അധ്യക്ഷനുമായിരുന്ന ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ മൃതസംസ്കാരകർമ്മത്തിൽ പങ്കെടുത്തു.

7 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അതിരൂപതാ കോർപ്പൊറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

8 ജോർജ് ആലഞ്ചേരി പിതാവ് തൃശൂർ മരത്താക്കര എം.എം.ബി ജനറലേറ്റിൽ മലബാർ മിഷനറി ബ്രദേഴ്സിന്റെ 72-ാം സ്ഥാപക ദിനവും ബ്രദേഴ്സിന്റെ സുവർണ ജൂബിലിയും രജത ജൂബിലിയും ആഘോഷിച്ച വേളയിൽ പരിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം ബസിലിക്കയിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ചു. കലൂർ റിന്യൂവൽ സെന്ററിൽ മോറൽ സയൻസ് അവാർഡ് ദാനം നിർവ്വഹിച്ചു.

9 ജോർജ് ആലഞ്ചേരി പിതാവ് കോട്ടയം വടവാതൂർ സെമിനാരിയുടെ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

ജേക്കബ് മനത്തോടത്ത് പിതാവ് രാമനാഥപുരത്ത് മെത്രാസന മന്ദിരത്തിന്റെ വെഞ്ചെരിപ്പ് കർമ്മത്തിൽ സംബന്ധിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കാക്കനാട് പള്ളിയിൽ വി. കുർബാന അർപ്പിച്ചു. ബ്രദർ ആന്റണി പൈനുങ്കലിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കാലടി പള്ളിയിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യം നൽകി.

10 ജോർജ് ആലഞ്ചേരി പിതാവ് താമരശ്ശേരിയിലുള്ള എം.എസ്.ടി., സാന്തോം മൈനർ സെമിനാരിയും എം.സി.ബി.എസ്., സനാതന സെമിനാരിയും സന്ദർശിക്കുകയും വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പൊന്നുരുന്നി വെൽഫെയർ സെന്ററിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

11 ജോർജ് ആലഞ്ചേരി പിതാവ് താമരശ്ശേരി കത്തീഡ്രൽ പള്ളിയിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ഓർമ്മ ദിവസം ആചരിച്ച വേളയിൽ പരിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും അദ്ദേഹത്തിന്റെ പേരിൽ സ്ഥാപിക്കപ്പെട്ട പാസ്റ്ററൽ സെന്റർ വെഞ്ചരിക്കുകയും ചെയ്തു.

ജേക്കബ് മനത്തോടത്ത് പിതാവ് വൈകിട്ട് എറണാകുളം ബസിലിക്കയിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും അനുസ്മരണ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും പ്രസ്തുത വി. കുർബാനയിൽ സഹകാർമ്മികരാകുകയും അനുസ്മരണ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

* * * * *


ജൂലൈ 28
വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ
വിശുദ്ധ അൽഫോൻസാമ്മേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.07.2019

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Jose Pollayil